

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5-1216/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 28/12/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5-1216/2023 തീയ്യതി: 28/12/2023

ഇടുക്കി ജില്ലയിലെ വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-10-2022 മുതൽ 05-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 10-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
അനിൽ മാത്യു ഐപ്പ്	ഡെപ്യൂട്ടി ഡയറക്ടർ	06-11-2023	10-11-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
06-11-2023	10-11-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. എം.എസ്. രാജീവ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി.അനീറ്റ പി. സാമുവൽ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. എബി എബ്രഹാം സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. മായാ കൃഷ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഡെന്നിസ് ജോസഫ്,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ജോർജ് പോൾ	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീ ആനന്ദ് ജെ	സെക്രട്ടറി	01-04-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.മേരി പ്രഭ എ.ഐ	അസി.സെക്രട്ടറി	01-04-2022	02-11-2022
ശ്രീമതി. യേശുദാസി എസ് മേരി	അസി.സെക്രട്ടറി	03-11-2022	31-03-2023
ശ്രീമതി. സിൻസി മാത്യൂ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2022	31-03-2023
ശ്രീമതി.നിഷാമോൾ	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2022	25-07-2022
ശ്രീമതി.ലാലി മാത്യൂ	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	26-07-2022	31-03-2023
ശ്രീ ശശിമോൻ പി.കെ	ഹെഡ്മാസ്റ്റർ	01-04-2022	31-03-2023
ശ്രീമതി.സ്മിത കെ.ജി	ഹെഡ്മിസ്ട്രസ്	01-04-2022	31-03-2023
ശ്രീമതി. ലിനറ്റ് ജോർജ്	കൃഷി ഓഫീസർ	01-04-2022	31-03-2023
ഡോ.സീനാ ജേക്കബ്	വെറ്ററിനറി സർജൻ	01-04-2022	31-03-2023
ഡോ.നിത്യ പി	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2022	31-03-2023
ഡോ.സിബി ജോർജ്	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	01-04-2022	31-03-2023
ശ്രീമതി ജാൻസി ജോൺ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2022	31-03-2023
ശ്രീ ബി നൗഷാദ്	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2022	31-03-2023
ഡോ. നിതീഷ്	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2022	07-06-2022
ഡോ.റീന വർഗ്ഗീസ്	മെഡിക്കൽ ഓഫീസർ	08-06-2022	17-01-2023

	(ആയുർവേദം)		
ഡോ.നിതീഷ്	മെഡിക്കൽ ഓഫീസർ (ആയുർവേദം)	18-01-2023	31-03-2023
ശ്രീമതി. കൃഷ്ണപ്രിയ	വി.ഇ.ഒ. - 1	01-04-2022	30-06-2022
ശ്രീ. ജിജോ അബ്രഹാം	വി.ഇ.ഒ. - 2	01-07-2022	31-03-2023
ശ്രീ. രെജിൻ	വി.ഇ.ഒ. - 3	01-04-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല	1-1-2
4	പ്രതിമാസ റിക്കൺസിലിയേഷൻ നടത്തുന്നില്ല	1-1-3
5	വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ രീതിയിൽ സൂക്ഷിക്കുന്നില്ല	1-1-4
6	ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല	1-1-5
7	ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല	1-1-6
8	ഗ്രാന്റ് തുകകളും ബാങ്ക്/ട്രഷറി നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല	1-1-7
9	ബജറ്റ്	1-2
10	ഗ്രാന്റ് വിനിയോഗം	1-3
11	പദ്ധതി അവലോകനം	1-4
12	തൊഴിലുറപ്പ് പദ്ധതി	1-5
13	സാമൂഹ്യ സുരക്ഷ പദ്ധതികൾ	1-6
14	ക്യാഷ് പരിശോധന	1-7
15	ആഭ്യന്തര നിയന്ത്രണ സംവിധാനം	1-8
16	അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടുകളിൽ വൻ തുക ബാക്കി നില്ക്കുന്നു	1-9
17	തനത് വിഭവ സമാഹരണം -അവലോകനം	1-10
18	തറ വിസ്തീർണ്ണം പരിഗണിക്കാതെ നികുതി നിർണ്ണയിച്ച് ഈടാക്കി വരുന്നു	1-11
19	വസ്തു നികുതി അപാകത	1-12
20	സാക്ഷ്യപത്രം ഹാജരാക്കാത്ത വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഇളവ് നൽകി	1-13
21	വസ്തു നികുതി - പെർമിറ്റ് അപാകതകൾ	1-14
22	മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല	1-15
23	സാമൂഹ്യ സുരക്ഷ പെൻഷൻ - അപാകത	1-16
24	കുടിവെള്ള വിതരണം - ജി.എസ്.ടി. വാട്ടർ ചാർജ്ജ് ഇനത്തിൽ തുക നല്കി	1-17
25	അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ കട്ടിൽ വിതരണം പദ്ധതി നടത്തിപ്പിലെ അപാകതകൾ	1-18

26	ന്യൂട്രിമിക്സ് വിതരണം - ജി.എസ്.ടി. ഇനത്തിൽ അധിക തുക നൽകി	1-19
27	തടിയംപാട് ബസ് സ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് - സ്ഥലം വാങ്ങിയത് നാളിതുവരെ കരം തീർത്ത് പേരിൽ കൂട്ടിയിട്ടില്ല	1-20
28	ബയോകമ്പോസ്റ്റ് ബിൻ സ്ഥാപിക്കൽ - റെയ്ഡ്കോയ്ക്ക് അധിക തുക നൽകി	1-21
29	മാലിന്യ നിർമ്മാർജ്ജനം പദ്ധതി	1-22
30	ലൈഫ് പദ്ധതി - ഭവന നിർമ്മാണം പൂർത്തിയായില്ല	1-23
31	സി.സി.ടി.വി. അറ്റകുറ്റപ്പണികൾ - മോണിറ്ററിംഗ് ഫലപ്രദമല്ല	1-24
32	കൃഷി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ	1-25
33	കാർഷിക നഴ്സറി - പദ്ധതി നടത്തിപ്പിലെ അപാകതകൾ	1-26
34	വിവിധ വാങ്ങലുകൾ - അപാകതകൾ	1-27
35	തൃമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കൽ - പദ്ധതി നിഷ്ക്രിയ ആസ്തി - ചെലവ് തടസ്സം	1-28
36	പകിട്ടാൻ താഴെ ഭാഗം കുടിവെള്ള പദ്ധതി -വൈദ്യുതി ബോർഡിൽ നിക്ഷേപിച്ച തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല - ചെലവ് തടസ്സം	1-29
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് മാനുവൽ അദ്ധ്യായം 4-ലെ ഖണ്ഡിക 4.2.1 & അദ്ധ്യായം 11-ലെ ഖണ്ഡിക 11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 11.07.2023-ലെ 1(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 22.07.2023-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 -ൽ അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകളും ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ
28.12.2023

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക കണക്കിൽ റേഷ്യോസ് (അടിസ്ഥാന അനുപാതങ്ങൾ), സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല

പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല (ഉദാഹരണം : തൻ വർഷം ആർജ്ജിച്ച ₹1,80,00,000/-യുടെ സ്ഥലം). ആസ്തികളുടെ ക്രോഡീകരണം, മൂല്യനിർണ്ണയം എന്നിവ പൂർത്തിയാക്കി ധനകാര്യ പത്രികയുമായി ബന്ധിപ്പിച്ചിട്ടില്ല.

1-1-3 പ്രതിമാസ റിക്കൺസിലിയേഷൻ നടത്തുന്നില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 57-ൽ ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ട്സ് ബാലൻസ് സ്റ്റേറ്റുമെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണെന്നും അടുത്ത മാസം 5-ാം തീയതിക്കകം അക്കൗണ്ടന്റ് ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 58-ൽ സാമ്പത്തിക വർഷ കാലയളവ് അവസാനിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികളും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ 2022 ഏപ്രിൽ മുതലുള്ള പ്രതിമാസ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-1-4 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ രീതിയിൽ സൂക്ഷിക്കുന്നില്ല

കടിശ്ശിക ഡിമാന്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, വായ്പ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ ബന്ധപ്പെട്ട തുകകളുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല.

1-1-5 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്പെൻഡീച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം ജേർണ്ണൽ വൗച്ചർ പ്രകാരം വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളൊ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലെ രേഖപ്പെടുത്തൽ നിയമാനുസൃതം ആണെന്നോ, കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് കഴിഞ്ഞിട്ടില്ല.

1-1-6 ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

വരവ് രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലെഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.

1-1-7 ഗ്രാന്റ് തുകകളും ബാങ്ക്/ട്രഷറി നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റിലെ ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. കൂടാതെ, ചുവടെ ചേർത്തിട്ടുള്ള അക്കൗണ്ട് പാസ് ബുക്ക് നീക്കിയിരിപ്പ്/വാർഷിക ധനകാര്യ പത്രിക പ്രകാരം പൊരുത്തപ്പെടുന്നില്ല.

അക്കൗണ്ട് നമ്പർ	പാസ് ബുക്ക് പ്രകാരം	വാർഷിക ധനകാര്യ പത്രിക പ്രകാരം
34672010027820	₹18411	അക്കൗണ്ട് ഉൾപ്പെട്ടിട്ടില്ല
799011400006413	0	1066056

1-2 ബജറ്റ്

2022-23 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 17/03/2022-ലെ 1(1) നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചു. 25/03/2022-ലെ 1(1) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം നേടി. ബജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

	2022-23-ലെ ബജറ്റ്	2022-23-ലെ പരിഷ്കരിച്ച ബജറ്റ്
ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം	17/03/2022-ലെ 1(1) നമ്പർ തീരുമാനം	16/03/2023-ലെ 1(1) നമ്പർ തീരുമാനം
പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം	25/03/2022-ലെ 1(1) നമ്പർ തീരുമാനം	23.03.23-ലെ 2(1) നമ്പർ തീരുമാനം

മുന്നിരിപ്പ്	₹3417479/-	₹63964671/-
വരവ്	₹283686003/-	₹216769723/-
ആകെ വരവ്	₹287103482/-	₹280734394/-
ആകെ ചെലവ്	₹284018000/-	₹277327830/-
മിച്ചം	₹3085482/-	₹3406564/-

1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ് (₹)	അലോട്ട്മെന്റ്/ വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)
വികസന ഫണ്ട്-പൊതുവിഭാഗം	0	30356000	30356000	25336041	0
വികസന ഫണ്ട്-എസ്.സി.പി	0	3826000	3826000	3453283	0
വികസന ഫണ്ട്-ടി.എസ്.പി	0	2548000	2548000	2526767	0
15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)	967872	5789340	6757212	5942016	815196
15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	0	11785036	11785036	7097683	4687353
സംരക്ഷണ ഗ്രാന്റ്-റോഡ്	0	15933000	15933000	14362923	0
സംരക്ഷണ ഗ്രാന്റ്-റോഡിതരം	0	8753000	8753000	8753000	0
പശ്ചിമ ഘട്ട വികസന പദ്ധതി (320100186)	770693	21901	792594	0	792594
ഐ.സി.ഡി.എസ് (320100196)	844626	682434	1527060	0	1527060
ഹെൽത്ത് ഗ്രാന്റ് (320100201)	0	267532	267532	0	267532
ഹെൽത്ത് ഗ്രാന്റ് (320100204)	0	272670	272670	0	272670
എം.എൽ.എ ഫണ്ട് (320200399)	679469	0	679469	0	679469
ബയോ ഡൈവേഴ്സിറ്റി മാനേജ്മന്റ് (320300199)	3759361	1601510	5360871	4801600	559271
സമ്പൂർണ്ണ ശുചിത്വം (320300103)	248257	0	248257	0	248257

ഗ്രാൻറ് അനുവദിക്കുന്നതിൽ പുനക്രമീകരണം നടത്തിയതിനാൽ ധനകാര്യ കമ്മീഷൻ ഗ്രാൻറിന് മുന്നിരിപ്പിൽ വ്യത്യാസം വന്നിട്ടുണ്ട്. വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിൽ (റെസിപ്റ്റ് & പേയ്മെന്റ്) വരവ്-ചെലവ് വിശദാംശങ്ങൾ ചേർത്തിട്ടില്ല.

ഫണ്ട്	ബജറ്റ് വിഹിതം	ലൈഫ് ലോൺ	അംഗൻവാടി ഹോണറേറിയം	Go(ms)179/22 പ്രകാരം കുറവ് ചെയ്തത്	അക്കൗണ്ട് ചെയ്ത ഫണ്ട്
വികസനഫണ്ട് (ജനറൽ)	30356000	1797159	1007400	303560	27247881
വികസനഫണ്ട് (SCSP)	3826000	354479	0	0	3471521
വികസനഫണ്ട് (TSP)	2548000	897085	0	0	1650915

1-4 പദ്ധതി അവലോകനം

ജില്ലാ ആസൂത്രണ സമിതിയുടെ 06/03/2023-ലെ 677/2022/DPC/DPO/IDK അന്തിമ ഉത്തരവ് പ്രകാരം വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 248 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. തൻവർഷം പദ്ധതി പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുകയുടെ 40.18% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളത്. ആകെ തയ്യാറാക്കിയ 248 പദ്ധതികളിൽ 203 പദ്ധതികളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, അസി. എഞ്ചിനീയർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി ചെലവ് 50 ശതമാനത്തിലും കുറവാണ്.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ ₹	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് ₹	നടപ്പാക്കാത്തവ (എണ്ണം)	നടപ്പാക്കിയ പദ്ധതികളുടെ ശതമാനം
248	219796925	203	88317750	45	40.18

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ

നിർവഹണ ഉദ്യോഗസ്ഥൻ	ആസൂത്രണം ചെയ്ത പ്രോജക്ടുകൾ	നടപ്പാക്കിയവ	അടങ്കൽ ₹	ചെലവ് ₹	ചെലവ് ശതമാനം
കൃഷി ഓഫീസർ	24	21	7091649	4557246	64.26
വെറ്ററിനറി സർജൻ	9	9	6274000	5174291	82.47
മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.)	10	8	3038853	2608213	85.82
മെഡിക്കൽ ഓഫീസർ (ഹോമിയോ)	2	2	170000	170000	100
മെഡിക്കൽ ഓഫീസർ (ആയുർവേദം)	5	5	782841	718641	91.79
സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	3	1	2175000	46916	2.15
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	7	7	5523500	4846628	87.74
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	25	21	81508589	15676752	19.23

ഡയറി എക്സ്റ്റൻഷൻ ഓഫീസർ	1	1	3700000	3050000	82.43
സെക്രട്ടറി	44	39	28779147	13425241	46.64
ഹെഡ്മാസ്റ്റർ, ഗവ. എൽ. പി. സ്കൂൾ	4	3	1279932	867493	67.77
അസിസ്റ്റന്റ് എഞ്ചിനീയർ	100	72	76099505	35425033	46.55
അസിസ്റ്റന്റ് സെക്രട്ടറി	8	7	2406159	842964	35.03
ഹെഡ്മാസ്റ്റർ ഗവ. യു. പി. സ്കൂൾ	6	6	967750	908332	93.86
ആകെ	248	203	219796925	88317750	40.18

പദ്ധതികളുടെ സമയബന്ധിതമായ നടത്തിപ്പും മോണിറ്ററിങ്ങും കാര്യക്ഷമമാക്കുന്നതിന് അനുബന്ധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെ നിതാന്ത ശ്രദ്ധയും ജാഗ്രതയും ഉണ്ടായിരിക്കേണ്ടതാണ്.

1-5 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
ഭരണ ചെലവുകൾ	4536	547139		551127	548
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	63560988	63560988	63560988	0

1-6 സാമൂഹ്യ സുരക്ഷ പദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക ₹	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	5164600	495
വിധവാ പെൻഷൻ	6576200	654
വാർദ്ധക്യകാല പെൻഷൻ	12441600	1252
ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ	2579400	254
50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ	89600	8

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-11-2023-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹138/- (നൂറ്റി മുപ്പത്തിയെട്ട്)യുടെ നീക്കിയിരിപ്പുണ്ടെന്ന് ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

പഞ്ചായത്ത് കാര്യാലയത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന വിഷയങ്ങൾ ചുവടെ ചേർക്കുന്നു. ജീവനക്കാരുടെ ചുമതലകൾ യഥാസമയം

ഓഫീസ് ഉത്തരവുകൾ മുഖേന വിഭജിച്ച് നൽകുന്നുണ്ട്. വിവിധ സെക്ഷനുകളിലെ ഉദ്യോഗസ്ഥർ അതുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമാക്കി സൂക്ഷിക്കുന്നതിൽ കൂടുതൽ കാര്യക്ഷമമാകേണ്ടതുണ്ട്. തനത് വരുമാനം സംബന്ധിച്ച രജിസ്റ്ററുകളിൽ ഡി.സി.ബി. രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് കാലികമാക്കിയിട്ടില്ല. വരവിനങ്ങളുടെ രജിസ്റ്ററുകളിൽ വിവിധ ഇനങ്ങളുടെ അഡ്വാൻസ് കളക്ഷൻ രേഖപ്പെടുത്തുന്നില്ല. അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വരവിനങ്ങളുടെ മുൻവർഷ കുടിശ്ശികയായി ധനകാര്യ പത്രികയിൽ സൂചിപ്പിച്ചിട്ടുള്ള തുകകളുടെ കൃത്യത ബോദ്ധ്യപ്പെടുന്നതിനോ അവയുടെ പിരിവ് നിരീക്ഷിക്കുന്നതിനോ സാധിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലഹരണപ്പെടുന്ന തുകകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് ബുക്കിൽ തൻവർഷത്തെ എല്ലാ വാങ്ങലുകളും സംബന്ധിച്ച രേഖപ്പെടുത്തലുകളില്ല. എല്ലാ വാങ്ങലുകളും രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. ലോൺ രജിസ്റ്ററിൽ യഥാസമയം രേഖപ്പെടുത്തലുകൾ നടത്തി കൃത്യമാക്കി സൂക്ഷിക്കുന്നില്ല. വിവിധ രജിസ്റ്ററുകൾ കാലികമാക്കി, അധികാരികൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ആകെ തയ്യാറാക്കിയ 248 പദ്ധതികളിൽ 203 പദ്ധതികളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. ആകെ ചെലവ് 50 ശതമാനത്തിലും താഴെയാണ്. ഗ്രാമസഭകൾ ചേരുന്നുണ്ടെങ്കിലും മിനിട്സ് പൂർത്തിയാക്കി ക്ലോസ് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നു. വിവിധ പദ്ധതികൾക്കായി പുതിയ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുമ്പോൾ ഗ്രാമസഭയിൽ അംഗീകാരം ലഭ്യമാക്കുന്നില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതിയുടെയും നിർവ്വഹണാധികാരികളുടെയും സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

1-9 അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടുകളിൽ വൻ തുക ബാക്കി നില്ക്കുന്നു

വാഴത്തോപ്പ് ഗ്രാമ പഞ്ചായത്ത് സെക്ഷൻ അസി. എഞ്ചിനീയറുടെ പേരിലുള്ള എസ്. ബി. അക്കൗണ്ടുകളുടെ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	ബാങ്ക്	അക്കൗണ്ട് നം.	31.03.2023 ലെ നീക്കിയിരിപ്പ് ₹	ഓഡിറ്റ് തീയതിയിലെ നീക്കിയിരിപ്പ് ₹
1	എസ്. ബി. ഐ., പൈനാവ്	67102155599	175702.56	175702.56
2	വാഴത്തോപ്പ് സർവീസ് സഹകരണ ബാങ്ക്	2000010531	237996.00	95774.00

മുൻകാലത്ത് പദ്ധതി നിർവഹണത്തിനായി തുറന്ന എസ്.ബി.ഐ., പൈനാവ് അക്കൗണ്ട് പണമായി

ഒടുക്കേണ്ട ആദായനികുതി, ജി.എസ്.റ്റി. ഇടപാടുകൾക്കായി മാത്രമാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. തനത് ഫണ്ട് പദ്ധതി നിർവഹണത്തിനായി സഹകരണ ബാങ്ക് അക്കൗണ്ടും ഉപയോഗിച്ചു വരുന്നു. ഏതെങ്കിലും സ്ഥാപനങ്ങൾക്കോ, വ്യക്തികൾക്കോ നല്കേണ്ട തുക ഈ അക്കൗണ്ടുകളിൽ അവശേഷിക്കുന്നുണ്ടെങ്കിൽ അത് ഉടൻ അടയ്ക്കേണ്ടതും ബാക്കി തുക പഞ്ചായത്തിൽ ഒടുക്കേണ്ടതുമാണ്. ഏതെങ്കിലും ഒരു അക്കൗണ്ട് നിലനിർത്തി ശേഷിക്കുന്നത് ക്ലോസ് ചെയ്യേണ്ടതുമാണ്.

1-10 തനത് വിഭവ സമാഹരണം -അവലോകനം

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുന്നില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ യോഗങ്ങളിൽ ഒന്നും തന്നെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയോ, തനത് വരുമാനം വർധിപ്പിക്കുന്നതിന് ഭരണ സമിതിക്ക് ശുപാർശകൾ നൽകുകയോ ചെയ്തിട്ടില്ല. തനത് വരുമാനം കുറഞ്ഞ പഞ്ചായത്തിൽ ആയത് വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും പ്രസ്തുത മാർഗ്ഗങ്ങൾ ഭരണ സമിതിയിൽ അവതരിപ്പിച്ചു നടപ്പിലാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

പഞ്ചായത്ത് സെക്രട്ടറി ഓരോ മാസവും പ്രതിമാസ അക്കൗണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. പഞ്ചായത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ കണക്കുകൾ പരിശോധിച്ച് ശുപാർശകൾ സഹിതം തൊട്ടടുത്ത് ചേരുന്ന ഭരണസമിതി യോഗത്തിൽ വയ്ക്കേണ്ടതാണ് [2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 60] .

നികുതി നികുതിയേതര വരുമാ നങ്ങൾ

എ) തൊഴിൽ നികുതി

തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് പരിപാലിക്കുന്നില്ല. തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥരായവരുടെ ഡാറ്റാബേസ് തയാറാക്കേണ്ടതും ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതും, ഡിമാൻഡ് നോട്ടീസ് നൽകി നികുതി കാലികമായി പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

ബി) ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31/10/2017-ലെ ജി.ഒ.(പി)നം.80/2017/ത.സ്വ.ഭ.വ./എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം ഭേദഗതി വരുത്തിയ ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 10-ലെ പട്ടിക 2-ൽ ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ വിവിധ വ്യാപാരങ്ങൾക്ക് ഫീസ്

നിശ്ചയിക്കുന്നതിന് പകരം വ്യാപാരങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കേണ്ടതെങ്കിലും അപേക്ഷയിൽ മൂലധന നിക്ഷേപം സംബന്ധിച്ച വിവരം രേഖപ്പെടുത്തി ആനുപാതികമായ ഫീസ് ഈടാക്കുന്നില്ല.

ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ ആവശ്യമെങ്കിൽ തദ്ദേശ ഭരണ സ്ഥാപനത്തിലെ മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്.

സി) വസ്തു നികുതി

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതും ഈ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി നേതൃത്വം നൽകേണ്ടതുമാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇതു സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ ചെയർപേഴ്സൺ തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിലിവിലിരിക്കുന്ന അടിസ്ഥാന നികുതി നിരക്കുകൾ സർക്കാർ വിജ്ഞാപനം ചെയ്ത കൂടിയതും കുറഞ്ഞതുമായ പരിധിക്ക് വിധേയമായി 01/04/2011 പ്രാബല്യത്തിൽ നിലവിൽ വന്നിട്ടുള്ളതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203-ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം ഓരോ 5 വർഷ കാലയളവിലേക്കും പ്രാബല്യത്തിൽ വരുത്തേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സർക്കാർ നിശ്ചയിക്കുന്ന പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് 01/04/2023 തീയതി മുതൽ തുടങ്ങുന്ന 5 വർഷക്കാലയളവിൽ ഒരോ വിഭാഗം കെട്ടിടങ്ങൾക്കും അവയുടെ ഉപവിഭാഗങ്ങൾക്കും ബാധകമായിരിക്കേണ്ട വസ്തു നികുതി നിരക്കുകളുടെ കൂടിയതും, കുറഞ്ഞതുമായ നിരക്കുകൾ 05/04/2023-ലെ സ.ഉ.(അച്ചടി)25/2023/LSD. നമ്പർ വിജ്ഞാപന പ്രകാരം സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ 05/09/2023 തീയതിയിലെ പഞ്ചായത്ത് ഭരണ സമിതി യോഗം 2(1) നമ്പർ തീരുമാനപ്രകാരം അന്തിമമായി നിശ്ചയിച്ചിട്ടുണ്ട്. പരിഷ്കരിച്ച വസ്തു നികുതി സഞ്ചയയിൽ ഉൾപ്പെടുത്തി ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

വസ്തു നികുതി പരിഷ്കരണം – ഫ്യൂവൽ സ്റ്റേഷൻ ഉൾപ്പെട്ടിട്ടില്ല

2023ലെ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഓരോ വിഭാഗം കെട്ടിടങ്ങൾക്കും അവയുടെ ഉപവിഭാഗങ്ങൾക്കും ബാധകമായിരിക്കേണ്ട വസ്തു നികുതി നിരക്കുകളുടെ കൂടിയതും, കുറഞ്ഞതുമായ നിരക്കുകൾ 05/04/2023ലെ സ.ഉ.(അച്ചടി)25/2023/ത.സ്വ.ഭ.വ. നമ്പർ വിജ്ഞാപന പ്രകാരം സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിൽ ഫ്യൂവൽ സ്റ്റേഷനുകൾക്ക് ബാധകമായ വസ്തു നികുതി നിരക്കുകളുടെ കൂടിയതും, കുറഞ്ഞതുമായ നിരക്ക് ഉൾപ്പെട്ടിട്ടില്ല. ഫ്യൂവൽ സ്റ്റേഷനുകൾക്ക് ബാധകമായ വസ്തു നികുതി നിരക്ക് നിശ്ചയിക്കുന്ന വിഷയം ഉചിത മാർഗ്ഗേണ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ ം/പുനർ നിർണ്ണയ ം

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിന് ശേഷം അവയുടെ തറ വിസ്തീർണത്തിലോ, ഉപയോഗക്രമത്തിലോ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തു നികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. നികുതി പരിഷ്കരണത്തിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെടാതെ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി ക്രമവത്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകേണ്ടതും ആ കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ നൽകുന്നതുവരെയോ, അവ പൊളിച്ച് നീക്കുന്നതുവരെയോ അത്തരം കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയായി ഈടാക്കേണ്ടതുമാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഞ്ചയ ഡാറ്റാബേസിലുള്ള കെട്ടിടങ്ങളുടെ വിവരം അനുയോജ്യമായ സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് ഫീൽഡ് പരിശോധനയിലൂടെ കൃത്യമാക്കേണ്ടതാണ്. തുടർന്ന് നികുതി നിർണ്ണയിക്കപ്പെടാത്തതോ തറ വിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ വ്യത്യാസമുള്ളതോ ആയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുകയോ പുനർ നിർണ്ണയിക്കുകയോ ചെയ്യേണ്ടതാണ്.

പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാക്കാവുന്നതാണ്

2011ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജല വിതരണം, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവ

സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

ഗ്രാമപഞ്ചായത്തിന്, ഏതെങ്കിലും പ്രദേശത്ത് ഏർപ്പെടുത്തിയ 1-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന ഒരു സേവനം ആ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഒരു കെട്ടിടത്തിന് ലഭ്യമാക്കിയിട്ടില്ല എന്ന കാരണത്താൽ ആ കെട്ടിടത്തെ അതത് സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കുന്നതാണ്.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ വരുമാന വർദ്ധനവ് വരുത്തുന്നതിന് വസ്തുനികുതിയോടൊപ്പം ചട്ടപ്രകാരമുള്ള സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കേണ്ടതാണ്.

1-11 തറ വിസ്തീർണ്ണം പരിഗണിക്കാതെ നികുതി നിർണ്ണയിച്ച് ഈടാക്കി വരുന്നു

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറ വിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203(2), (7), (9) പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ മുറികളായി തിരിച്ച് വ്യത്യസ്ത കെട്ടിട നമ്പറുകൾ നൽകിയാലും കെട്ടിടത്തിന്റെ മൊത്തം വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിരക്ക് ബാധകമാക്കേണ്ടതാണ്. പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് ₹40/- നിരക്കിലും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് ₹60/- നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ച താഴെ പറയുന്ന, 100 ച. മീ.-യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കി ഈടാക്കി വരുന്നത്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

കെട്ടിട നമ്പർ, കെട്ടിട ഉടമസ്ഥൻ	കെട്ടിടത്തിന്റെ വിസ്തീർണം (ച.മീ)	ഈടാക്കിയ നികുതി നിരക്ക്	ഈടാക്കേണ്ട നികുതി
3/686, ജോസഫ് ജോസഫ്	113.06	40	60
4/20, സെക്രട്ടറി	104.57	40	60
4/465, ധന്യപ് സി.ഡി	110	40	60

4/1014, ഫാദർ സെബാസ്റ്റ്യൻ	106.61	40	60
4/1016, ഫാദർ സെബാസ്റ്റ്യൻ	167.61	40	60
5/37, ലൂക്ക് സ്റ്റീഫൻ	120.39	40	60
5/76, സോബിൻ കെ എബ്രാഹം	112	40	60
5/394, വർഗ്ഗീസ്	104	40	60
5/574, ബെന്നി വർഗ്ഗീസ്	140.12	40	60
8/240, മാനേജർ	126	40	60
9/229, പ്രോജക്ട് മാനേജർ	132	40	60
10/1051, അച്ചാമ്മ ജോസഫ്	112.5	40	60
12/149, ആനന്തരാജൻ	140.6	40	60
13/11, അസി. കമാണ്ടൻറ്	862	40	60

ഇത് സംബന്ധിച്ച ഓഡിറ്റ് എൻകവയറിക്ക് (നം. 03/ തീ. 06/11/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി പുനർ നിർണ്ണയിക്കുവാനുള്ള നടപടി സ്വീകരിച്ച് കുറവ് വന്ന നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

1-12 വസ്തു നികുതി അപാകത

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(2), (7), (9) വകുപ്പ് പ്രകാരം ഒരു കെട്ടിട ഉടമയുടെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഓരോ മുറിയുടേയും വിസ്തീർണം പരിഗണിക്കാതെ ഒന്നായി തറ വിസ്തീർണം കണക്കാക്കി നികുതി നിർണയം നടത്തേണ്ടതാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും വെവ്വേറെ വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഗ്രാമപഞ്ചായത്ത് 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ₹40/- നിരക്കിലും അതിൽ കൂടുതൽ തറ വിസ്തീർണമുള്ളവയ്ക്ക് ₹60/- നിരക്കിലുമാണ് വസ്തു നികുതി നിർണയിച്ചിരിക്കുന്നത്. ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങൾക്ക് 2022-23ൽ നമ്പർ നൽകിയപ്പോൾ കെട്ടിടത്തിന്റെ ആകെ വിസ്തീർണം 100 ച.മീറ്ററിൽ

കൂടുതൽ ആണ് എന്നത് പരിഗണിക്കാതെ ഓരോ കടമുറിയുടെയും വിസ്തീർണ്ണം 100 ച.മീറ്ററിൽ കുറവായതിനാൽ 100 ചതുരശ്ര മീറ്ററിൽ കുറവ് തറ വിസ്തീർണമുള്ള കെട്ടിടങ്ങളുടെ നിരക്കിൽ നികുതി നിശ്ചയിച്ചിട്ടുണ്ട്.

കെട്ടിട ഉടമസ്ഥൻ	വാർഡ് നമ്പർ	കെട്ടിട നമ്പർ	കെട്ടിടത്തിന്റെ വിസ്തീർണം (ച.മീ.)	ആകെ വിസ്തീർണം	ഈടാക്കിയ നികുതി നിരക്ക്	ഈടാക്കേണ്ട നികുതി നിരക്ക്
ജോബി കെ.സി	4	1048	9.894	218.664	40	60
		1049	32.85		40	60
		1050	32.85		40	60
		1051	32.85		40	60
		1145	9.24		40	60
		1146	9.24		40	60
		1147	91.74		40	60

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.2/തീ. 06.11.2023) ലഭ്യമാക്കിയ മറുപടിയിൽ നികുതി പുനർ നിർണയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച കെട്ടിടങ്ങളിൽ ഫീൽഡ് പരിശോധന നടത്തി കെട്ടിടത്തിന്റെ വ്യത്യസ്ത മുറികൾ വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നില്ലെന്ന് ബോധ്യമായാൽ നികുതി പുതിയ നിരക്കിൽ പുനർ നിർണയിക്കേണ്ടതാണ്.

1-13 സാക്ഷ്യപത്രം ഹാജരാക്കാത്ത വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഇളവ് നൽകി

സ.ഉ(കൈ)നം. 106/2017/തസ്വഭവ./തീ. 26-05-2017 & സ.ഉ.(എം.എസ്.)നം. 242/2013/തസ്വഭവ./തീ. 02.07.2013 എന്നിവ പ്രകാരം വിമുക്ത ഭടൻമാരുടെയും അവരുടെ ഭാര്യമാരുടെയും വിമുക്ത ഭടൻമാരുടെ വിധവകളുടെ ഉടമസ്ഥതയിലും ഉള്ള 2000 ച.അടി വരെ വിസ്തീർണമുള്ള വാസഗൃഹത്തിന് നികുതി ഇളവ് നൽകിയിട്ടുണ്ട്. 2022-23ൽ അപ്രകാരം നികുതിയിളവ് നേടിയ ചുവടെ ചേർത്തിട്ടുള്ള കെട്ടിട ഉടമകൾ മാർച്ച് 31-ന് മുൻപ് സമർപ്പിക്കേണ്ട നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയില്ല.

വാർഡ് നമ്പർ	കെട്ടിട നമ്പർ	പേര്	വിഭാഗം
5	2	ജോൺസൺ റ്റി. വി.	വിമുക്ത ഭടൻമാരുടെ ഉടമസ്ഥതയിലുള്ള വാസഗൃഹം
5	3	ജോയി ടി. വി.	- ടി -
5	28	കെ. വി. തോമസ്	- ടി -
5	461	സജി ജോർജ്ജ്	- ടി -
5	520	ബേബി കെ. കെ.	- ടി -
7	585	സാംജിത്ത് തോമസ്	- ടി -
8	247	വർഗീസ് കെ. എ.	- ടി -
8	645	അരുൺ പി. ജോസഫ്	- ടി -
9	12	രാജേഷ്കുമാർ	- ടി -
10	27	ജിജിമോൻ ചാക്കോ	- ടി -
10	106	ഹരീഷ് പി. കെ.	- ടി -

കെട്ടിട ഉടമസ്ഥർ സമർപ്പിച്ച സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. സാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ലെങ്കിൽ വസ്തു നികുതിയിൽ നൽകിയ ഇളവ് റദ്ദ് ചെയ്ത് നികുതി ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-14 വസ്തു നികുതി - പെർമിറ്റ് അപാകതകൾ

എ) ഗ്രാമ പഞ്ചായത്തിൽ നിർമാണം നടന്നു വരുന്നതും ഭാഗികമായി ഉപയോഗിച്ച് വരുന്നതുമായ ചുവടെ കൊടുത്തിട്ടുള്ള നിർമാണം നടന്നു വരുന്ന കെട്ടിടങ്ങളുടെ പെർമിറ്റ് വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

1. വെള്ളക്കയത്തുള്ള മരിയ ട്രേഡിംഗ് കമ്പനിയുടെ രണ്ടാം നില നിർമാണം.

2. ചെറുതോണി സെൻട്രൽ ജംഗ്ഷനിലെ കാനറാ ബാങ്ക് പ്രവർത്തിക്കുന്ന കെട്ടിടം.

3.അഡ്വ. സി. കെ. ബാബുവിന്റെ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം.

ബി) ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

1. ഹൈറേഞ്ച് ഹൈപ്പർ മാർട്ട് പ്രവർത്തിക്കുന്ന കെട്ടിടം.

2. മയൂര ടെക്സ്റ്റൈൽസ് പുതിയ കെട്ടിടം.

3. കോപ്സ് ഹോസ്റ്റൽ, ചെറുതോണി.

4. ഗ്ലോബൽസ് ഹോസ്റ്റൽ, ചെറുതോണി.

5. ഷന ബോയ്സ് ഹോസ്റ്റൽ, ചെറുതോണി.

6. മേനാച്ചേരി ഹോസ്റ്റൽ, ചെറുതോണി.

7. വിസ്ഡം ഹോസ്റ്റൽ, ചെറുതോണി.

8. അളിയൻസ് ഹോസ്റ്റൽ, ചെറുതോണി.

9. ഉസ്താദ് മെൻസ് ഹോസ്റ്റൽ, ചെറുതോണി.

10. പാതാളം ബോയ്സ് ഹോസ്റ്റൽ, ചെറുതോണി.

11. ബർഗ്ലസ് മെൻസ് ഹോസ്റ്റൽ, ചെറുതോണി.

12. അച്ചായൻസ് ബോയ്സ് ഹോസ്റ്റൽ, ചെറുതോണി.

13. ഡുണ്ടൂസ് ഹോസ്റ്റൽ, ചെറുതോണി.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 14/തീ. 08/11/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ

പരാമർശിച്ച കെട്ടിടങ്ങളിൽ ഫീൽഡ് പരിശോധന നടത്തി പെർമിറ്റ്/ഉപയോഗ ക്രമങ്ങളിൽ വ്യത്യാസമുണ്ടെന്ന് ബോധ്യപ്പെട്ടാൽ ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല

1996 കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, (ചട്ടം 18) വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനോ, ഉപയോഗിക്കുന്നതിനോ യഥാക്രമം പട്ടിക lii പ്രകാരമുള്ള ഫീസ് ഒടുക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന മോട്ടോറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പട്ടിക പ്രകാരമുള്ള ഫീസ് പ്രത്യേകമായി ഈടാക്കിയിട്ടില്ലെന്ന് അപേക്ഷകളുടെ പരിശോധനയിൽ കണ്ടെത്തി.

ക്രമ നം.	ലൈസൻസ് രജിസ്റ്ററിലെ ക്രമനമ്പർ, വാർഡ്, കെട്ടിട നമ്പർ	ലൈസൻസിയുടെ പേര്
1	86, 6/472	സോളി ജെയിംസ്
2	136, 9/39	സുമേഷ് സി. വി.
3	143, 3/191	മരിയ ജോസ്

മേൽ സൂചിപ്പിച്ചവ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്. വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനും ഉപയോഗിക്കുന്നതിനും എല്ലാ സ്ഥാപനങ്ങളിൽ നിന്നും പട്ടിക lii പ്രകാരമുള്ള ഫീസ് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 സാമൂഹ്യ സുരക്ഷ പെൻഷൻ - അപാകത

ഗ്രാമപഞ്ചായത്തിൽ സാമൂഹ്യ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലും 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെയുള്ള പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ നിക്ഷേപിക്കുകയോ തുക അനുവദിക്കുകയോ ചെയ്തിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പെൻഷൻ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ

ക്രമ നം.	പേരും വിലാസവും	പെൻഷൻ ഐ. ഡി.	മരണപ്പെട്ട തീയതി/ മരണം രജിസ്റ്റർ ചെയ്ത തിയതി	അനർഹമായി പെൻഷൻ അനുവദിച്ച കാലയളവ്	പെൻഷൻ സ്റ്റാറ്റസ്	പെൻഷൻ നൽകുന്ന സ്ഥാപനം	അധികം അനുവദിച്ച പെൻഷൻ
1	തങ്കമ്മ ഭാസ്കരൻ 13/53,	XXXX0728	11.11.2022/ 17.12.2022	11/2022-03/2023	സസ്പെൻഡ്	വാർദ്ധ്യക്യകാല പെൻഷൻ	8000

	ഇടപ്പറമ്പൽ, വിമലഗരി, വിമലഗിരി P. O, 685602					മരിയാപുരം ഗ്രാമ പഞ്ചായത്ത്	
2	വിജയമ്മ അപ്പു പുത്തൻവീട് ഇരട്ടയാർ P. O,	XXXX0045	25.11.2022/ 03.12.2022	11/2022-06/2023	സസ്പെൻഡ്	വാർദ്ധ്യകൃകാല പെൻഷൻ ഇരട്ടയാർ ഗ്രാമ പഞ്ചായത്ത്	12800
3	സുലൈമാൻ ആറ്റരുകിൽ, പുന്നയാർ, കീരിത്തോട്, കീരിത്തോട്	XXXX0806	22.11.2022/ 26.11.2022	11/2022-06/2023	സസ്പെൻഡ്	വാർദ്ധ്യകൃകാല പെൻഷൻ കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത്	12800
4	ബ്രിജീത്ത ചാക്കോ പുതുപ്പടിക്കൽ മണിയാറൻകുടി മണിയാറംകുടി	XXXX1625	13.11.2022/ 26.11.2022	04/2023-06/2023	ആക്ടീവ്	വാർദ്ധ്യകൃകാല പെൻഷൻ വാഴത്തോപ്പ് ഗ്രാമ പഞ്ചായത്ത്	1800
5	റോസമ്മ വാഴവിളയിൽ ചെറുതോണി ഇടുക്കി കോളനി	XXXX0355	16.04.2022/ 20.04.2022	04/2022-09/2022	സസ് 19.08.2022/ 24.08.2022 08/2022-06/23 പെൻഡ്	വാർദ്ധ്യകൃകാല പെൻഷൻ വാഴത്തോപ്പ് ഗ്രാമ പഞ്ചായത്ത്	9600
6	മറിയാമ്മ കോര കല്ലോലിക്കൽ, ചെല്ലാർകോവിൽ, ചെല്ലാർകോവിൽ	XXXX0342	18.06.2022/ 21.06.2022	06/2022-09/2022	സസ്പെൻഡ്	ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ ചക്കുപള്ളം ഗ്രാമ പഞ്ചായത്ത്	6400
7	നാരായണൻ തോയലിൽ, തടിയംപാട്, തടിയമ്പാട്	XXXX0065	24.06.2022/ 25.06.2022	06/2022-09/2022	സസ്പെൻഡ്	കർഷക തൊഴിലാളി പെൻഷൻ വാഴത്തോപ്പ് ഗ്രാമ പഞ്ചായത്ത്	6400
8	കത്രീന ഇടപ്പാട്ട്, സേനാപതി, സേനാപതി	XXXX0086	25.07.2022/ 27.07.2022	07/2022-09/2022	സസ്പെൻഡ്	വാർദ്ധ്യകൃകാല പെൻഷൻ സേനാപതി ഗ്രാമ പഞ്ചായത്ത്	4800
9	എബ്രഹാം കേശവിളകണ്ടത്തിൽ, കാൽവരിമൗണ്ട് തങ്കമണി P. O	XXXX1783	15.08.2022/ 17.08.2022	08/2022-11/2022	സസ്പെൻഡ്	വാർദ്ധ്യകൃകാല പെൻഷൻ കാമാക്ഷി ഗ്രാമ പഞ്ചായത്ത്	6400

10	ജോസഫ് ആഗസ്റ്റ് പാറയടിയിൽ, ചെമ്പകപ്പാറ,	XXXX0680 XXXX0031	13.08.2022/ 17.08.2022	08/2022-12/2022	സസ്പെൻഡ്	വാർദ്ധ്യകൃകാല പെൻഷൻ വാത്തിക്കുടി ഗ്രാമ പഞ്ചായത്ത്	8000
11	ചിന്നമ്മ ദാമോദരൻ അടക്കത്ത്, കാമാക്ഷി, കാമാക്ഷി	XXXX0031	19.08.2022/ 24.08.2022	08/2022-11/2022	സസ്പെൻഡ്	കർഷക തൊഴിലാളി പെൻഷൻ കാമാക്ഷി ഗ്രാമ പഞ്ചായത്ത്	6400
12	മറിയക്കുട്ടി മൂഞ്ഞേലിൽ, അടിമാലി, അടിമാലി	XXXX1165	19.08.2022/ 24.08.2022	08/2022-06/23	സസ്പെൻഡ്	വാർദ്ധ്യകൃകാല പെൻഷൻ വാത്തിക്കുടി ഗ്രാമ പഞ്ചായത്ത്	17600
13	ജോർജ്ജ് ഐപ്പ് വട്ടക്കുന്നേൽ, മുള്ളരിക്കുടി, മുള്ളരിക്കുടി	XXXX2970	18.10.2022/ 27.10.2022	10/2022-11/2022	സസ്പെൻഡ്	വാർദ്ധ്യകൃകാല പെൻഷൻ കൊന്നത്തടി ഗ്രാമ പഞ്ചായത്ത്	3200
14	കുഞ്ഞ്പെണ്ണ് പെരുവെട്ടിതടത്തിൽ, പാണ്ടിപ്പാറ പാണ്ടിപ്പാറ	XXXX0018	18.10.2022/ 27.10.2022	10/2022-02/2023	സസ്പെൻഡ്	വാർദ്ധ്യകൃകാല പെൻഷൻ കാമാക്ഷി ഗ്രാമ പഞ്ചായത്ത്	8000
15	മാത്യു മാത്യു കോട്ടുകുറ്റിയിൽ, പാണ്ടിപ്പാറ, പാണ്ടിപ്പാറ	XXXX0512	21.10.2022/ 27.10.2022	10/2022-02/2023	സസ്പെൻഡ്	വാർദ്ധ്യകൃകാല പെൻഷൻ കാമാക്ഷി ഗ്രാമ പഞ്ചായത്ത്	8000

ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരങ്ങൾ മാത്രമാണ് പട്ടികയിൽ നൽകിയിട്ടുള്ളത്. മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ലാത്തതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്.

അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 23.09.2020-ലെ സ.ഉ(സാധാ)67/2020/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെടുന്നവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം തന്നെ പെൻഷൻ ഡേറ്റാബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക 12-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഖണ്ഡിക 13 പ്രകാരം പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട പ്രാദേശിക

സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷന് അനന്തരാവകാശികൾക്ക് അർഹതയില്ലെന്നും അനർഹമായി തുക കൈപ്പറ്റുന്നപക്ഷം തുക തിരികെ പിടിക്കേണ്ടതാണെന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. മരണപ്പെട്ടവരെയും അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറിയുടെ ചുമതലയാണെന്ന് 05.11.2020-ലെ നം.67/2020/ധന. സർക്കുലർ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ തുക ബാങ്കിൽ നിന്നോ, അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യാത്ത തുക പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന് സ.ഉ(സാധാ)381/2017/ധന./തീ. 17.08.2017-ൽ നിർദ്ദേശിച്ചിട്ടുള്ളത് പാലിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

1-17 കുടിവെള്ള വിതരണം - ജി.എസ്.ടി. വാട്ടർ ചാർജ്ജ് ഇനത്തിൽ തുക നല്കി

പദ്ധതി നം.	49/2022-23
പദ്ധതി	കുടിവെള്ള വിതരണം
നിർവ്വഹണം	സെക്രട്ടറി
അടങ്കൽ	₹966498/- (വികസന ഫണ്ട് – പൊതു വിഭാഗം)
ബിൽ നമ്പർ	22100652010800355322/തീ. 26-07-2022, തുക ₹966498/-

വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം നേരിടുന്ന വിവിധ വാർഡുകളിൽ പഞ്ചായത്ത് നിർദ്ദേശിക്കുന്നതിന് അനുസൃതമായി അംഗീകൃത ഏജൻസി സാക്ഷ്യപ്പെടുത്തിയ ജല സ്രോതസ്സുകളിൽ നിന്നോ, വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് കേന്ദ്രത്തിൽ നിന്നോ കുടിവെള്ളം ടാങ്കർ ലോറിയിൽ ശേഖരിച്ച് വിതരണം നടത്തുന്നതിന് 15/03/2022-ൽ ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ നോട്ടീസിലെ നിബന്ധന 6 പ്രകാരം ടെണ്ടർ സമർപ്പിക്കുന്നയാൾ 5000, 6000 12000 ലിറ്റർ എന്നീ വാഹക ശേഷിയുള്ള ടാങ്കറുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിന് എല്ലാ ചെലവുകളും നികുതികളും ഉൾപ്പെടെ ഒരു ട്രിപ്പിന് ലഭിക്കേണ്ടുന്ന തുക (കിലോ മീറ്റർ റേറ്റ്) ആണ് ക്വോട്ട് ചെയ്യേണ്ടത് എന്നും ക്വോട്ട് ചെയ്ത തുകയിൽ നിന്നും അധികമായി യാതൊരു ചെലവോ, നികുതിയോ പഞ്ചായത്ത് വഹിക്കുന്നതല്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. കരാർ വ്യവസ്ഥ 17 പ്രകാരം കരാർ തുകയിൽ നിന്നും നിയമാനുസൃത നികുതി കിഴിവുകൾ വരുത്തുന്നതാണെന്നും ചേർത്തിട്ടുണ്ട്. ടെണ്ടറിൽ 2000 ലിറ്റർ ടാങ്കർ ലോറിയിൽ കുടിവെള്ളം

എത്തിക്കുന്നതിന് കിലോമീറ്ററിന് ₹72/- ക്വോട്ട് ചെയ്ത ശ്രീമതി. റ്റിൽബി ജോസഫ്, കൈതവേലിൽ, കരിമ്പൻ എന്നയാൾക്ക് ക്വട്ടേഷൻ ഉറപ്പിച്ച് നല്കി. ടി വ്യക്തിയുമായി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കരാറിൽ ഏർപ്പെട്ടിട്ടില്ല. ടെണ്ടർ നടപടി ക്രമങ്ങൾ പൂർത്തിയാക്കി വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം ചെയ്തതിന് ₹72/- കി.മീ. നിരക്കിൽ 10609 കിലോ മീറ്ററിന് ₹7,63,848/-യും, ജി.എസ്.ടി ഇനത്തിൽ ₹1,37,492/-യും, വാട്ടർ ചാർജ്ജ് ഇനത്തിൽ ₹65,158/-യും ഉൾപ്പെടെ ആകെ ₹9,66,498/- ശ്രീമതി. റ്റിൽബി ജോസഫിന്റെ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്. ടെണ്ടർ നോട്ടീസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഇപ്രകാരം ജി.എസ്.ടി., വാട്ടർ ചാർജ്ജ് എന്നീ ഇനങ്ങളിൽ തുക നല്കിയത് ക്രമവിരുദ്ധമാണ്. ₹2,02,650/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-18 അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ കട്ടിൽ വിതരണം പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണം – അസിസ്റ്റന്റ് സെക്രട്ടറി		
പദ്ധതി	വയോജനങ്ങൾക്ക് കട്ടിൽ വിതരണം (എസ്. സി.) – 85/23	വയോജനങ്ങൾക്ക് കട്ടിൽ വിതരണം (എസ്. ടി.) – 86/23
അടങ്കൽ	₹152250/-	
ചെലവ്	₹140400/-	
ബിൽ നമ്പർ, തീയതി, തുക	22100652011400708133/29-10-22 ₹140400/-	22100652011400708137/29-10-22 ₹86400/-

വയോജനങ്ങൾക്ക് കട്ടിൽ വിതരണം (എസ്.സി. & എസ്.ടി.) എന്ന പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1) വ്യക്തമായ കാരണം കൂടാതെ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി.

1.98 മീറ്റർ നീളവും 0.90 മീറ്റർ വീതിയുമുള്ള പ്ലൈവുഡ് ഉറപ്പിച്ച/സ്റ്റീൽ കട്ടിൽ വിതരണം ചെയ്യുന്നതിന് താഴെ സൂചിപ്പിക്കുന്ന പ്രകാരം 4 സ്ഥാപനങ്ങളാണ് ടെണ്ടർ സമർപ്പിച്ചത്.

സ്ഥാപനം	മഹാഗണി	ആഞ്ഞിലി	പ്ലാവ്	അക്കേഷ്യ	
കെ. പി. ഫർണിച്ചർ, കാലിക്കട്ട് (5 വർഷം വാറന്റി)	3144	3244	3344	3344	എൽ 2
ജയ്സൺ ഇംപെക്സ്, പാലാ (2 വർഷം വാറന്റി)	3600, 4100	3750, 4200			എൽ 3
ബേസിൽ ഏജൻസീസ്, കരിമ്പൻ	3950	3650	4300		എൽ 4
എം.ജെ.എസ്. എന്റർപ്രൈസ്, കോഴിക്കോട് (5 വർഷം വാറന്റി)	3094	3094	3094	3094	എൽ 1

ഏറ്റവും കുറഞ്ഞ നിരക്കുകൾ ക്വോട്ട് ചെയ്ത സ്ഥാപനങ്ങളെ ഒഴിവാക്കി എൽ3 നിരക്ക് ക്വോട്ട് ചെയ്ത ജയ്സൺ ഇംപെക്സ് പാല എന്ന സ്ഥാപനത്തിൽ നിന്നും ₹3600/- നിരക്കിലുള്ള കട്ടിലാണ് വാങ്ങിയിരിക്കുന്നത്. കുറഞ്ഞ ടെണ്ടർ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനങ്ങളെ ഒഴിവാക്കിയതിന് ആധാരമായ വിദഗ്ധ സമിതിയുടെ ക്വാളിറ്റി പരിശോധനാ റിപ്പോർട്ട്, ഒരോ കട്ടിലുകളുടെയും ഗുണനിലവാരം സംബന്ധിച്ച വിവരങ്ങൾ എന്നിവ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ

സമർപ്പിച്ച സ്ഥാപനങ്ങളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന് ടെണ്ടർ ഉറപ്പിച്ച് നൽകി എന്നാണ് പ്രൊക്യൂർമെന്റ് കമ്മിറ്റി, ജനറൽ കമ്മിറ്റി എന്നിവയുടെ മിനിട്ട്സുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. കുറഞ്ഞ ടെണ്ടർ ക്വോട്ട് ചെയ്ത സ്ഥാപനത്തെ പ്രത്യേക കാരണങ്ങൾ സൂചിപ്പിക്കാതെ ഒഴിവാക്കിയതും കൂടിയ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചതും പ്രൊക്യൂർമെന്റ് മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്.

2) വ്യക്തമായ രേഖകൾ ഹാജരാക്കാതെ ഗുണഭോക്താക്കൾക്ക് കട്ടിലുകൾ വിതരണം ചെയ്തു.

60 വയസിനു മുകളിൽ പ്രായമുള്ള ആളുകൾക്ക് മാത്രമാണ് ജാതി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യത്തിന് അർഹതയുള്ളത്. ജാതി, പ്രായം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത ഗുണഭോക്താക്കൾക്കും കട്ടിൽ നൽകിയിട്ടുണ്ട്. അഡീഷണൽ ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം കിട്ടിയിട്ടില്ലെങ്കിലും പ്രസ്തുത ലിസ്റ്റിലുൾപ്പെട്ടവർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്.

ക്രമ നം.	ഗുണഭോക്താവ്	അപേക്ഷകളിലെ അപാകതകൾ
1	മണി, പുതുവരിക്കൽ, പുത്തൻവീട്	പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റില്ല
2	അച്ചമ്മ പുതുവേലിക്കുടി	ജാതി, പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റില്ല
3	പൊടിയമ്മ കണ്ണാംപറമ്പിൽ	" "
4	തങ്കച്ചൻ തടിപ്ലാക്കൽ	പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റില്ല
5	ലീലാമ്മ ആലപ്പാട്ട്	ജാതി, പ്രായം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റില്ല
6	ലീലാ കൊട്ടയിൽ	" "
7	മാധവി പാലക്കപ്പിള്ളിൽ	പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റില്ല
8	സീത കടലിക്കുന്നേൽ	" "
9	കുമാരൻ പി.എം	പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റില്ല
10	ശാരദ കൃഷ്ണൻകുട്ടി	" "
11	ജാനകി വേലായുധൻ	" "
12	പൊടിയമ്മ, ലക്ഷ്മിവിലാസം	" "
13	തങ്കച്ചൻ കുറ്റിമാക്കൽ	" "
14	തങ്കമ്മ മുല്ലശ്ശേരി	" "
15	തങ്കമ്മ സുഗതൻ	" "
16	അമ്മിണി ചീരൻ	" "
17	അയ്യപ്പൻ	" "
18	എം. രാജൻ	" "
19	ഗോപി, ചെരുവിള പുത്തൻവീട്	" "
20	അളകമല	" "
21	പൊന്നപ്പൻ ചീനംപാറയിൽ	" "
22	കുഞ്ഞപ്പൻ ചോതി	" "
23	സദാനന്ദൻ ചേലക്കോട്ട	" "

24	വിജയമ്മ ശശി	" "

3) 60 വയസ് തികയാത്ത ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകി

താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് 60 വയസ് പൂർത്തിയായിട്ടില്ലെങ്കിലും 60 വയസ് പൂർത്തിയായവരുടെ ഗണത്തിലുൾപ്പെടുത്തി ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം	ഗുണഭോക്താവ്	വിഭാഗം	ഹാജരാക്കിയ രേഖകൾ പ്രകാരമുള്ള പ്രായം
1	രവി കുളങ്ങാട്ടിൽ	എസ്.റ്റി.	57 വയസ് (14-3-1972)
2	അമ്മിണി രവി	എസ്.റ്റി.	59 വയസ് (1964)
3	ലീല കേശവൻ	എസ്.റ്റി.	56 വയസ് (13-5-1996)
4	ലക്ഷമി പാപ്പൻ	എസ്.റ്റി.	58 വയസ് (റേഷൻ കാർഡ് പ്രകാരം)
5	മണി കെ.എം	എസ്.സി.	56 വയസ് (1967)

മേൽ പരാമർശിച്ചിട്ടുള്ള അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.6/7-11-23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കാത്തതിനാൽ ₹226800/- ടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 ന്യൂട്രിമിക്സ് വിതരണം - ജി.എസ്.ടി. ഇനത്തിൽ അധിക തുക നൽകി

CGST Act, 2017-ലെ വകുപ്പ് 10, SGST Act, 2017-ലെ വകുപ്പ് 10 എന്നിവ പ്രകാരം ജി.എസ്.ടി. കോമ്പോസിഷൻ ഓപ്ട് ചെയ്തിട്ടുള്ള നികുതിദായകർ സാധനങ്ങളും സേവനങ്ങളും നൽകുമ്പോൾ ടാക്സ് ഇൻവോയ്സിന് പകരം ബിൽ ഓഫ് സപ്ലൈ ആണ് നൽകേണ്ടതെന്നും ജി.എസ്.ടി. ഈടാക്കുവാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അമൃതം ന്യൂട്രിമിക്സിന് 5 ശതമാനം ജി.എസ്.ടി. ഉൾപ്പടെ കിലോഗ്രാമിന് ₹73.50/-(₹70.00 + ₹3.50)യാണ് സർക്കാർ നിശ്ചയിച്ച വില. എന്നാൽ, വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്ത ഏ-വൺ അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ് മുരിക്കാശ്ശേരി എന്ന സ്ഥാപനം Bill Of Supply ആണ് നൽകിയിട്ടുള്ളതെങ്കിലും 5 ശതമാനം ജി.എസ്.ടി. ഉൾപ്പെടെയാണ് തുക നൽകിയിരിക്കുന്നത്. ജി.എസ്.ടി. ഈടാക്കിയത് കാരണം ഈയിനത്തിൽ സ്ഥാപനത്തിന് അധികമായി തുക നൽകുവാൻ ഇടയായി. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

സ്ഥാപനത്തിന്റെ പേര്	ബിൽ നമ്പർ, തീയതി, തുക	ന്യൂട്രിമിക്സ് തുക്കം (കി.ഗ്രാ.)	നൽകിയ തുക @73.5/- ₹	നൽകേണ്ട തുക @70/- ₹	അധികം നൽകിയ തുക ₹
ഏ-വൺ അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ് മുരിക്കാശ്ശേരി	22100652011700424012/ 16-08-22 ₹587923/-	1131	83128	79170	3958
		1319	96946	92330	4616
	22100652011700571675 24-09-22 ₹468803/-	1032	75852	72240	3612
	22100652011701313792	1095.5	80519	76685	3834

	08-03-23 ₹500000/-	1014	74529	70980	3549
		1127	82834	78890	3944
		1053	77395	73710	3685
		1109.5	81548	77665	3883
		1197	87979	83790	4189
				ആകെ	35270

ജി.എസ്.ടി.-ക്ക് അർഹതയില്ലാത്ത സ്ഥാപനത്തിന് ജി.എസ്.ടി. ഇനത്തിൽ തുക നൽകിയത് മൂലം ₹35,270/- സ്ഥാപനത്തിന് അധികമായി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 11/തീ. 08-11-2023-ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം ടി തുക തിരികെ അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി നിശ്ചിത ശീർഷകത്തിലേക്ക് അടവാക്കി വിവരമറിയിക്കേണ്ടതാണ്.

1-20 തടിയംപാട് ബസ് സ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് - സ്ഥലം വാങ്ങിയത് നാളിതുവരെ കരം തീർത്ത് പേരിൽ കൂട്ടിയിട്ടില്ല

പദ്ധതി നം.	245/22-23
പദ്ധതി	തടിയംപാട് ബസ് സ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് – സ്ഥലം ലഭ്യമാക്കൽ
നിർവ്വഹണം	സെക്രട്ടറി
തനത് ഫണ്ട്	29-03-2023, തുക ₹1800000/-

വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തടിയമ്പാട് ടൗണിൽ ബസ് സ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് ടൗണിനോട് ചേർന്ന് 15 സെന്റിനും 20 സെന്റിനും ഇടയിൽ പട്ടയഭൂമി സർക്കാർ നിശ്ചിയിക്കുന്ന വിലയിൽ ലഭ്യമാക്കുന്നതിന് പരസ്യം നല്കുകയും ലഭ്യമായ ഓഫറുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ആന്റോ കെ. തോമസ് കിഴക്കേക്കര കൈതോലിൽ എന്ന വ്യക്തിയുടെ സ്ഥലത്തിന് തഹസിൽദാർ ഫെയർ വാല്യൂവായി ₹18,69,560/- നിശ്ചയിച്ച് നല്കുകയും ഇടുക്കി വില്ലേജിൽ സർവ്വേ നമ്പർ 161-ൽ ഉൾപ്പെട്ട 6 ആർ 07 ച. മീറ്റർ വസ്തുവിന്റെ വിലയായി മേൽ ബിൽ പ്രകാരം ടിയാന് ₹18,00,000/- നല്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ വസ്തു കരം അടച്ച് പേരിൽ കൂട്ടിയിട്ടില്ല. പ്രസ്തുത വസ്തു പഞ്ചായത്തിന്റെ ആസ്തിയിൽ ചേർത്തതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തുടർ നടപടികൾക്കായി ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-21 ബയോകമ്പോസ്റ്റ് ബിൻ സ്ഥാപിക്കൽ - റെയ്ഡ്കോയ്ക്ക് അധിക തുക നൽകി

പ്രോജക്ട് നമ്പർ	22/2023
നിർവ്വഹണം	വി.ഇ.ഒ. വാഴത്തോപ്പ്

അടങ്കൽ	₹650000/- (ധനകാര്യ കമ്മീഷൻ അവാർഡ്) ₹65000/- (ഗ്രണഭോക്തൃ വിഹിതം)
ചെലവ്	₹303600/- (276000 ധനകാര്യ കമ്മീഷൻ അവാർഡ് + 27600 ഗ്രണഭോക്തൃ വിഹിതം)
ബിൽ നമ്പർ,തീയതി,തുക ₹	454/31-03-23, ₹276000/- 455/31-03-23, ₹27600/-

ബയോകമ്പോസ്റ്റ് ബിൻ സ്ഥാപിക്കൽ എന്ന പദ്ധതിക്ക് വേണ്ടി ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ശുചിത്വ മിഷന്റെ അംഗീകൃത സേവന ദാതാക്കളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള റെയ്ഡ്കോ എന്ന സ്ഥാപനം ടെണ്ടറിൽ പങ്കെടുത്ത് ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിരുന്നു. ഒരു യൂണിറ്റിന് ₹1,380/- നിരക്കിൽ ടെണ്ടർ ഉറപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ആകെ 200 എണ്ണത്തിന് 10% ഗ്രണഭോക്തൃ വിഹിതം ഉൾപ്പടെ ആകെ ₹2,76,000/- ആണ് റെയ്ഡ്കോയ്ക്ക് നൽകേണ്ടത്. എന്നാൽ ധനകാര്യ കമ്മീഷൻ അവാർഡ് ₹2,76,000/- കൂടാതെ ഗ്രണഭോക്തൃ വിഹിതം ₹27,600/- കൂടി ആകെ ₹3,03,600/- ആണ് റെയ്ഡ്കോയ്ക്ക് നൽകിയിട്ടുള്ളത്. ₹27,600/- അധികം നൽകിയിരിക്കുന്നു. യഥാർത്ഥ വിലയിലും കൂടുതൽ നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/തീ. 08.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക റെയ്ഡ്കോയിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

1-22 മാലിന്യ നിർമ്മാർജ്ജനം പദ്ധതി

1) സെക്രട്ടറി നിർവ്വഹണം നടത്തിയ മാലിന്യ നിർമ്മാർജ്ജനം പദ്ധതി പ്രകാരം തൻ വർഷം ₹4,63,360/- (ധനകാര്യ കമ്മീഷൻ അവാർഡ്) ശ്രീ. സിജോ കെ. സി. എന്നയാൾക്ക് മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിലേക്കായി താഴെ സൂചിപ്പിക്കുന്ന വൗച്ചറുകൾ പ്രകാരം നൽകിയിട്ടുണ്ട്.

ക്രമ നം.	വൗച്ചർ നം./തീയതി	തുക₹
1	XVFC/2022-23/P/57/11-10-22	76800
2	XVFC/2022-23/P/73/03-11-22	79360
3	XVFC/2022-23/P/82/01-12-22	76800
4	XVFC/2022-23/P/84/08-01-23	79360
5	XVFC/2022-23/P/86/08-02-23	79360

6	XVFC/2022-23/P/93/06-03-23	71680
	ആകെ	463,360

വിവിധ പ്രദേശങ്ങളിൽ നിക്ഷേപിക്കപ്പെടുന്ന മാലിന്യം ശേഖരിച്ച് കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ സംസ്കരിച്ചു എന്ന മോണിട്ടറിങ്ങ് സമിതി റിപ്പോർട്ട് പ്രകാരമാണ് തുക നൽകിയിട്ടുള്ളത്. മാലിന്യം മനുഷ്യനും പരിസ്ഥിതിയ്ക്കും ദോഷമാകാത്ത വിധമാണ് സംസ്കരിച്ചിട്ടുള്ളത് എന്ന് ഉറപ്പാക്കുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡിന്റെയോ, മറ്റേതെങ്കിലും അധികാര സ്ഥാപനത്തിന്റെയോ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. കൂടാതെ കരാറുകാരന്റെ ബിൽ തുകയിൽ നിന്നും ആദായ നികുതി, സേവന നികുതി എന്നിവ ടി.ഡി.എസ്. ആയി ഈടാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) താഴെ സൂചിപ്പിക്കും പ്രകാരം മാലിന്യ സംസ്കരണത്തിന് പ്രൊജക്ട് പ്രകാരമല്ലാതെ തനത് ഫണ്ടിൽ നിന്ന് ശ്രീ. മനോജ് സി. കെ. എന്നയാൾക്ക് വൗച്ചർ പ്രകാരം തുക നൽകിയിട്ടുണ്ട്.

ക്രമ നം.	വൗച്ചർ നമ്പർ, തീയതി	തുക₹
1	55/22/03-04-22	86118
2	482/22/6-05-22	83340
3	936/22/08-06-22	86118
4	1471/22/01-07-22	83340
5	2038/22/5-08-22	86118
6	2499/22/5-09-22	86118
	ആകെ	511,152

മേൽ സൂചിപ്പിച്ച പ്രകാരം തനത് ഫണ്ടിൽ നിന്നും പ്രോജക്ട് കൂടാതെ തുക ചെലവഴിച്ചത് ക്രമവിരുദ്ധമാണ് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 19/തീ. 10-11-23) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നത് വരെ പ്രോജക്ട് കൂടാതെ ചെലവഴിച്ച തുക ₹5,11,152/- തടസ്സപ്പെടുത്തുന്നു.

1-23 ലൈഫ് പദ്ധതി - ഭവന നിർമ്മാണം പൂർത്തിയായില്ല

ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ഒന്നാം ഗഡു കൈപ്പറ്റി ആറ് മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തിയാക്കണമെന്ന നിബന്ധനയോടെ 2021 ജനുവരി മുതൽ ഡിസംബർ മാസം വരെ കരാർ വെച്ച് ഭവന നിർമ്മാണം ആരംഭിച്ച താഴെ സൂചിപ്പിക്കുന്ന ലൈഫ് പദ്ധതി ഗുണഭോക്താക്കൾ കരാർ പ്രകാരം

പൂർത്തിയാക്കേണ്ട തീയതി കഴിഞ്ഞ് വളരെ നാളുകൾക്ക് ശേഷവും ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല.

ജനറൽ വിഭാഗം

ക്രമ നം.	ഗുണഭോക്താവ്	ആദ്യ ഗഡു നൽകിയ തീയതി	നിലവിൽ നൽകിയിട്ടുള്ള ആകെ തുക ₹	ഭവന നിർമ്മാണ സ്റ്റേജ്	നിർമ്മാണം പൂർത്തിയാക്കേണ്ടിയിരുന്ന തീയതി
1	ലിസി കുര്യാക്കോസ്, താമരപിള്ളിൽ	08.01.2021	300000	ലിന്റൽ	08.07.2021
2	ബാബു പി. വി., പുതുക്കൊള്ളിൽ	08.01.2021	350000	മേൽക്കൂര	08.07.2021
3	സുനിത സോയി, തൊണ്ണമാക്കൽ	08.01.2021	40,000	ആരംഭിച്ചിട്ടില്ല	08.07.2021
4	റെന്നി ജോർജ്ജ്, വയലപ്പിള്ളിൽ	08.01.2021	350000	മേൽക്കൂര	08.07.2021
5	ഷൈനി ലാലൻ,പാറക്കൽ	08.01.2021	350000	മേൽക്കൂര	08.07.2021
6	സുനിത സാജൻ, വെളിമ്പറമ്പിൽ	12.02.2021	350000	മേൽക്കൂര	12.08.2021
7	മാനമ്മ ജെയിംസ്, പാറക്കൽ	12.02.2021	350000	മേൽക്കൂര	12.08.2021
8	സാജു ജോസഫ്, വടക്കേടത്ത്	12.03.2021	350000	മേൽക്കൂര	12.09.2021
9	സഫിയ സജീർ, ഒള്ളോമനക്കുന്നേൽ	19.03.2021	350000	മേൽക്കൂര	19.09.2021
10	അജിത ഷാജി, കുളത്തിങ്കൽ	29.06.2021	300000	ലിന്റൽ	29.12.2021
11	രാധ സുകുമാരൻ, പൂവത്തിങ്കൽ	16.11.2021	300000	ലിന്റൽ	16.05.2022
12	സരസു, ചേമ്പാലയിൽ	03.09.2021	300000	മേൽക്കൂര	03.03.2022
13	അജിമോൻ ടി., നെടിയാട്ട്	29.07.2021	300000	മേൽക്കൂര	29.01.2022
14	ഷിജു അബ്രഹാം, തളിയച്ചിറയിൽ	28.09.2021	300000	ലിന്റൽ	28.03.2022

പട്ടിക വർഗ്ഗം

ക്രമ നം.	ഗുണഭോക്താവ്	നൽകിയ തുക ₹	ഭവന നിർമ്മാണ സ്റ്റേജ്
1	ഗീതു ബെന്നി, പാറക്കൽ	540000	മേൽക്കൂര
2	നിതീഷ് രവി, കുളക്കാട്ടിൽ	540000	മേൽക്കൂര
3	പഞ്ചമി, അമ്പലക്കുന്നേൽ	540000	മേൽക്കൂര
4	രേഷ്മമോൾ പി.എസ്., ഓതറക്കുന്നേൽ	540000	മേൽക്കൂര
5	സുജിത് പി. ജി., പാറക്കൽ	540000	മേൽക്കൂര
6	രാമൻ പഞ്ചൻ, കണ്ടത്തിങ്കരയിൽ	540000	മേൽക്കൂര
7	അശോകൻ, പാറക്കൽ	540000	മേൽക്കൂര

മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കി മുഴുവൻ ആനുകൂല്യ തുകയും കൈപ്പറ്റിയെന്ന് ഉറപ്പാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആനുകൂല്യ തുക തിരികെ ഈടാക്കുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-24 സി.സി.ടി.വി. അറ്റകുറ്റപ്പണികൾ - മോണിറ്ററിംഗ് ഫലപ്രദമല്ല

പദ്ധതി	സി.സി. ടി.വി അറ്റകുറ്റപ്പണികൾ – അനുബന്ധപ്രവർത്തനങ്ങൾ
പദ്ധതി നം.	92/22-23 (Spill Over)
നിർവ്വഹണം	സെക്രട്ടറി
ഫണ്ടിനം	വികസന ഫണ്ട്
അടങ്കൽ	300000
ബിൽ നമ്പർ	22100652020800203116, തീ. 15-06-2022, ₹291366/-

ഗ്രാമപഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സി.സി. ടി.വി. ക്യാമറകളിൽ പ്രവർത്തനരഹിതമായവ (32 എണ്ണം) നന്നാക്കുന്നതിനും, പുതിയ ക്യാമറകൾ വാങ്ങി സ്ഥാപിക്കുന്നതിനും, ആവശ്യമായ സ്പെയർ പാർട്സുകൾ വാങ്ങുന്നതിനുമായി 2021-22 വാർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ₹3,00,000/- അടങ്കലായി വകയിരുത്തിയിരുന്നു. 10.02.2022-ലെ 190/2022 ടെണ്ടർ നോട്ടീസ് പ്രകാരം ₹2,21,300/- നിരക്ക് രേഖപ്പെടുത്തിയ Vision Technologies എന്ന സ്ഥാപനത്തിനാണ് ടെണ്ടർ ഉറപ്പിച്ച് നല്കിയത്. 2022-23 വർഷം പദ്ധതി സ്പിൽ ഓവറായി നടപ്പിലാക്കിയിട്ടുണ്ട്. ടെണ്ടർ നോട്ടീസിൽ ആവശ്യപ്പെട്ടവയുടെ വിവരം താഴെ ചേർക്കുന്നു.

Camera (Hikvision 8 Mp Ipnumber Plate Detection Camere	19 Nos To Be Serviced
Battery(exide Powersafe Plus Sealed Led-acid Battery 12v 100 Ah	11 Nos To Be Replaced
Automatic Battery Charger (12 V 10 Amp)	11 Nos To Be Replaced
5 Port Switch	8 Nos To Be Replaced
Adapter Module (12 V 10 Amp)	11 Nos-to Be Replaced
Camera Pole (Pole Where Cameras And Amenities Fixed	7 Nos To Be Replaced
MCB	11 Nos-to Be Replaced

ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ -

1. ടെണ്ടർ നിബന്ധന നമ്പർ 13 പ്രകാരം സി.സി. ടി.വി ക്യാമറകൾ പ്രവർത്തന യോഗ്യമാക്കിയ തീയതി മുതൽ ഒരു വർഷത്തേക്ക് വാറണ്ടി ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ Vision Technologies എന്ന

സ്ഥാപനവുമായി ഈ വ്യവസ്ഥയിൽ കരാറിൽ ഏർപ്പെട്ടതിന് രേഖയില്ല.

2. ടെണ്ടർ പ്രകാരം 19 ക്യാമറകൾ സർവീസ് നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ തകരാറുള്ള ഈ ക്യാമറകൾ ഏതൊക്കെ സ്ഥലങ്ങളിൽ ആണെന്നും, എത്ര എണ്ണമുണ്ടെന്നും എന്താണ് തകരാർ എന്നത് സംബന്ധിച്ചും ടെണ്ടറിൽ വ്യക്തമാക്കിയിട്ടില്ല.

3. ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കപ്പെട്ട ക്യാമറകളുടെ എണ്ണം രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4. Vision Technologies-ന്റെ പരിശോധന റിപ്പോർട്ട് പ്രകാരം 12 പോസ്റ്റുകളിലായി വില കൂടിയ 6 എൽ.പി.ആർ. ക്യാമറകളും, 28 ഐ. പി. വേരിഫോക്കൽ ക്യാമറകളുമാണ് സ്ഥാപിച്ചിരിക്കുന്നതെന്നും പ്രസ്തുത ക്യാമറകൾ അഴിച്ച് വിശദമായി പരിശോധിച്ചതിൽ 17 ക്യാമറകൾക്ക് ബോർഡ് ലെവൽ തലത്തിലുള്ള തകരാറാണ് എന്നും ഇത് ഹിക്ക് വിഷൻ കമ്പനിയുടെ സർവ്വീസ് സെന്ററിൽ കൊടുത്ത് തകരാർ പരിഹരിക്കപ്പെടേണ്ടവയാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ക്യാമറകളുടെ അപാകതകൾ നാളിതുവരെ പരിഹരിക്കപ്പെട്ടിട്ടില്ല.

5. ടെണ്ടർ പ്രകാരം 19 ക്യാമറകൾ സർവ്വീസ് ചെയ്യാനാണ് ആവശ്യപ്പെട്ടിരുന്നത് എന്നാൽ Vision Technologies-ന്റെ റിപ്പോർട്ട് പ്രകാരം 17 ക്യാമറകളുടെ തകരാർ മാത്രമാണ്പരിഹരിച്ചിട്ടുള്ളത്.

6. Prime Media Associates എന്ന സ്ഥാപനത്തിന് Internet Charge ഇനത്തിൽ ₹89,066/- നല്കിയിട്ടുണ്ട്. പ്രസ്തുത ഇനം മേൽ ടെണ്ടറിൽ ഉൾപ്പെടുത്തുകയോ പ്രത്യേകം ടെണ്ടർ ക്ഷണിക്കുകയോ ചെയ്യാതെയാണ് ചെലവ് നടത്തിയിട്ടുള്ളത് .

7. പ്രവൃത്തി നടത്തിയത് സംബന്ധിച്ച് ക്ഷമതയുള്ള അധികാരികൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.09/തീ. 07.11.2023-ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തുടർ മോണിട്ടറിംഗ് ഉണ്ടാകേണ്ടതാണ്.

1-25 കൃഷി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

തൻവർഷം കൃഷി ഓഫീസറുടെ പദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ക്രമ നമ്പർ	പദ്ധതി നമ്പർ	ബിൽ നമ്പർ/ തീയതി/തുക	റിമാർക്സ്
1.	190/23 തുറന്ന ജലസേചന	22100652008601451761/ 23-03-23/	ജയപ്രകാശ് കെ. ജെ. എന്ന വ്യക്തിക്ക് ആനുകൂല്യം നല്കി. എന്നാൽ 28-05-22ലെ മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന

	കിണർ (SC)	₹18700/-	പ്രകാരം കിണർ നിർമ്മിച്ചതിന് LSGD എഞ്ചിനീയറുടെ വാല്യൂവേഷൻ ഹാജരാക്കിയിട്ടില്ല.
2.	77/23 പമ്പ് സെറ്റ് വിതരണം (SC) Spill Over	22100652008601467911/ 24-03-23 ₹56393/-	മാർഗ്ഗരേഖ പ്രകാരം നാമമാത്ര ചെറുകിട കർഷകർക്കാണ് ആനുകൂല്യം നല്കാവുന്നത്. ഗുണഭോക്താക്കൾക്ക് കൃഷി ഭൂമി ഉണ്ടോയെന്നതിൽ വ്യക്തതയില്ല. കൃഷി ഓഫീസറുടെ സാക്ഷ്യപത്രം/കരം അടച്ച രസീത് ഫയലിൽ ഹാജരാക്കിയിട്ടില്ല.
3.	220/23 കണ്ടിജൻസി ചെലവുകൾ	22100652008600959363 14-12-2022 ₹17970/-	ഓണസദ്യ വിതരണം ചെയ്തതിന് പാപ്പൻസ് ഹോട്ടലിന് ₹1,000/- നല്കി. പ്ലാൻ വിഹിതം ചെലവിട്ട് ഓണസദ്യ നടത്തിയത് അംഗീകരിക്കാവുന്നതല്ല. തുക തിരികെ ഈടാക്കേണ്ടതാണ്.
4.	184/23 സംഘങ്ങൾക്ക് സ്പ്രെയർ (KAMCO മുഖേന വാങ്ങൽ നടത്തിയിരിക്കുന്നു)	22100652008601489777 27-03-23 ₹44100/-	ഗാന്ധിയൻ SHG, ഹൈറേഞ്ച് കർഷകസംഘം എന്നിവർക്ക് ആനുകൂല്യം നല്കി. മാർഗ്ഗ രേഖ പ്രകാരം ചാരിറ്റബിൽ സൊസൈറ്റി നിയമ പ്രകാരമോ സഹകരണ നിയമപ്രകാരമോ രജിസ്റ്റർ ചെയ്തതും രജിസ്റ്റർ ചെയ്ത് രണ്ട് വർഷമെങ്കിലും ആയ സമിതി/സംഘത്തിനാണ് ആനുകൂല്യത്തിന് അർഹത. സംഘം യഥാക്രമം 25-01-23, 27-07-2022 എന്നീ തീയതികളിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്
5.	78/23 കാട് വെട്ട് യന്ത്രം Spill Over (KAMCO മുഖേന വാങ്ങൽ നടത്തിയിരിക്കുന്നു)	22100652008601153342 07-02-23 ₹131425/- 07-02-23 ₹14600/-	ആനുകൂല്യം നല്കിയ 4 സംഘങ്ങൾക്ക് നിയമപ്രകാരമുള്ള രജിസ്ട്രേഷൻ ഇല്ല. മാർഗ്ഗ രേഖ പ്രകാരം ചാരിറ്റബിൾ സൊസൈറ്റീസ് നിയമ പ്രകാരമോ സഹകരണ നിയമ പ്രകാരമോ രജിസ്റ്റർ ചെയ്ത് രണ്ട് വർഷമെങ്കിലും ആയ സമിതി/സംഘത്തിനാണ് ആനുകൂല്യത്തിന് അർഹത.
	ആകെ	₹146025/-	

ആനുകൂല്യം ലഭ്യമാക്കിയിരിക്കുന്നത് അർഹതപ്പെട്ടവർക്കാണ് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതും പദ്ധതി നടത്തിപ്പ് മാർഗ്ഗരേഖയ്ക്ക് വിധേയമായിരിക്കേണ്ടതുമാണ്.

1-26 കാർഷിക നഴ്സറി - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പദ്ധതി	കാർഷിക നഴ്സറി
പദ്ധതി നമ്പർ	200/23
നിർവ്വഹണം	കൃഷി ഓഫീസർ
ബിൽ നമ്പർ	22100652008601489667/തിയതി 27-03-23/തുക ₹200000/-

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ കാർഷിക നഴ്സറി എന്ന പദ്ധതിയ്ക്കായി തൻവർഷം ഹൈറേഞ്ച് കർഷകസംഘം നേഴ്സറിക്ക് മേൽ ബിൽ പ്രകാരം തുക മാറി നല്കിയിട്ടുണ്ട്. ഹൈറേഞ്ച് കർഷക സംഘം നഴ്സറിയുടെ അക്കൗണ്ടിൽ (012307300060299) തുക 2 ലക്ഷം നല്കുകയും ഇതിൽ ₹5,172/- ചെലവഴിക്കാതെ ശേഷിക്കുകയും ചെയ്യുന്നു. സ.ഉ.(കൈ)നം.115/2022/LSGD./തീ. 28-05-2022-ലെ മാർഗ്ഗരേഖ പ്രകാരം തദ്ദേശ

സ്ഥാപനങ്ങൾ ഒറ്റയ്ക്കോ, സംയുക്തമായോ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുമായി സഹകരിച്ച് ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള വിവിധ വിളകളും കാർഷിക അനുബന്ധ പ്രവർത്തനങ്ങളും അടങ്ങുന്ന പ്രദർശന തോട്ടങ്ങൾ സ്ഥാപിച്ച് പരിപാലിക്കാവുന്നതാണ്. അമ്പത് സെന്റോ, അതിൽ കൂടുതലോ സ്വന്തമായോ, പാട്ടത്തിനോ കണ്ടെത്തി കൃഷി, മൃഗ സംരക്ഷണം തുടങ്ങി വിവിധ പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന പ്രദർശന തോട്ടങ്ങൾ സ്ഥാപിച്ച് പരിപാലിക്കുവാനും നടീൽ വസ്തുക്കളുടെ നഴ്സറി ഇതിന്റെ ഭാഗമാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ഹൈറേഞ്ച് കർഷക സംഘം നേഴ്സറി നിർമ്മിച്ചതിന്റെ സ്ഥല വിവരങ്ങളോ, മറ്റ് രേഖകളോ ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 23/തീ. 10.11.2023-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ തുടർ മോണിറ്ററിംഗ് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

1-27 വിവിധ വാങ്ങലുകൾ - അപാകതകൾ

തൻവർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ വാങ്ങൽ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകളും ഇതിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണം നം. 12/തീ. 08.11.2023-ന് ലഭ്യമാക്കിയ മറുപടിയിലെ വിശദാംശങ്ങളും താഴെ ചേർക്കുന്നു.

ക്രമ നം.	പദ്ധതി നം.	ബിൽ നമ്പർ/ തീയതി/തുക	ഇനം/ നല്കിയ സ്ഥാപനം	റിമാർക്സ്	മറുപടി
1.	88/23 Spill Over കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ ഒന്നാം വാർഡ് (ഫണ്ടിനം – മെയിന്റനൻസ് ഫണ്ട് – നോൺ റോഡ്)	22100652010800699976/ തീ. 28-10-22 ₹98625/-	Table- 5*₹3725 =₹18625/- Chair- 200*₹400= ₹80000/- (Jaison Impex) ആകെ -₹98625/-	ടെണ്ടർ നോട്ടീസിൽ ആവശ്യപ്പെട്ട മേശയ്ക്ക് ₹2441/- Keerthy Marketing എന്ന സ്ഥാപനവും Chair With Arm ₹320/-ന് Thampuraan Kalayail Trade Links എന്ന സ്ഥാപനവും കോട്ട് ചെയ്തിട്ടുണ്ട്. കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത തമ്പുരാൻകാലായിൽ, കീർത്തി എന്നീ സ്ഥാപനങ്ങളെ ഒഴിവാക്കി കൂടിയ നിരക്ക് കോട്ട് ചെയ്ത ജെയ്സൻ ഇംപെക്സ് എന്ന സ്ഥാപനത്തിന് ടെണ്ടർ ഉറപ്പിച്ച് നല്കി.	ഗുണമേന്മയുള്ള സാമ്പിൾ ഹാജരാക്കിയതിനാൽ പർച്ചേസ് കമ്മിറ്റിയുടെ തീരുമാനപ്രകാരം ജെയ്സൻ ഇംപെക്സ്സിൽ നിന്ന് വാങ്ങൽ നടത്തി.
2.	89/23 ഗാന്ധിനഗർ കമ്മ്യൂണിറ്റി ഹാൾ ഫർണിച്ചർ Spill Over (ഫണ്ടിനം – മെയിന്റനൻസ് ഫണ്ട് – നോൺ റോഡ്)	22100652010800369328/ തീ. 30-07-22 ₹94675/-	1)Table- 1*3725=3₹725/- 2)almirah Glass Door- 2*₹15000=₹30000/- 3) Table- 2*3725=₹7450/- 4)armless Chair- 100*₹475=₹47500/- 5)S.chair- 2*3000=₹6000/- ആകെ ₹94675/-	തമ്പുരാൻകാലായിൽ എന്ന സ്ഥാപനം Table ₹3299/- Armless Chair ₹299/- നിരക്കിലാണ് കോട്ട് ചെയ്തിരിക്കുന്നത്. ടെണ്ടർ നോട്ടീസ് പ്രകാരം 10 മേശ 100 കസേര എന്നിവ മാത്രമാണ് ആവശ്യപ്പെട്ടിരിക്കുന്നത്. അലമാര,s Chair	പർച്ചേസ് കമ്മിറ്റിയുടെ ശുപാർശ പ്രകാരമാണ് വാങ്ങൽ നടത്തിയത് എന്നും 10 മേശ 100 കസേര എന്നിവയ്ക്ക് ഓർഡർ നല്കിയെങ്കിലും മെമ്പർ ആവശ്യപ്പെട്ടതിനാലും സ്റ്റിൽ ഓവർ പദ്ധതി ആയതിനാൽ

			(Jaison Impex)	എന്നിവയ്ക്ക് ടെണ്ടർ ക്ഷണിച്ചിട്ടില്ല. വാങ്ങലുകൾ ക്രമവിരുദ്ധമാണ്.	വീണ്ടും ടെണ്ടർ ക്ഷണിക്കുന്നതിന് കാലതാമസ മുള്ളതിനാലും മേശയുടെ എണ്ണം കുറച്ച് അലമാര എസ്.ചെയർ എന്നിവ വാങ്ങി
3.	179/23 ചെറുതോണി ടൗൺഹാൾ ഫർണിച്ചർ അനുബന്ധ സൗകര്യങ്ങൾ (ഫണ്ടിനം– വികസന ഫണ്ട്– ജനറൽ)	ബിൽ നം. 22100652010801173717 തീ. 10-02-23 തുക ₹98800/-	Dining Table – 26*₹3800=₹98800/- (Jaison Impex)	Steel Dining Table 1 Year Guarantee ISI Mark ആണ് ടെണ്ടറിൽ ആവശ്യപ്പെട്ടിരുന്നത്. Jaison Impex എന്ന സ്ഥാപനത്തിൽ നിന്ന് മേൽ ഇനമാണോ ലഭ്യമായത് എന്ന് വ്യക്തമല്ല.	ഉണമേന്മയുള്ള സാമ്പിൾ ഹാജരാക്കിയതിനാൽ പർച്ചേസ് കമ്മിറ്റിയുടെ തീരുമാനപ്രകാരം ജെയ്സൻ ഇംപെക്സ്സിൽ നിന്ന് വാങ്ങൽ നടത്തി.
4.	94/23 പഞ്ചായത്താഫീസ് അനക്സ് -ബിൽഡിംഗ് ഫർണിച്ചർ അനുബന്ധ സാധനങ്ങൾ വാങ്ങൽ Spill Over (ഫണ്ടിനം– വികസന ഫണ്ട്– ജനറൽ)	തീ. 26-07-22 ₹92379/-(CFC)	Executive Chair- 3*₹6450=₹19350/- Executive Office Table- 3*₹11444=₹34332/- Fibre Chair Armless- 25*₹450=₹11250/- Almirah– 3*₹9149=₹27447/- (Jaison Impex) ആകെ –₹92379/-	Office Table ₹7900/-,. Fibre Chair With Arm ₹312/- ആണ് തമ്പുരാൻകാലായിൽ എന്ന സ്ഥാപനം ക്വോട്ട് ചെയ്തത് (L1).	ഉണമേന്മയുള്ള സാമ്പിൾ ഹാജരാക്കിയതിനാൽ പർച്ചേസ് കമ്മിറ്റിയുടെ തീരുമാന പ്രകാരം ജെയ്സൻ ഇംപെക്സ്സിൽ നിന്ന് വാങ്ങൽ നടത്തി.

മേൽ പദ്ധതി പ്രകാരം വാങ്ങിയ ഫർണിച്ചറുകൾ സ്റ്റോക്കിൽ ചേർത്തിട്ടില്ല. വാങ്ങൽ സംബന്ധിച്ച പർച്ചേസ് കമ്മിറ്റി തീരുമാനം ഹാജരാക്കാൻ എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നു എന്നാൽ പർച്ചേസ് കമ്മിറ്റി മിനിട്സുകൾ തത്സമയം എഴുതി തയ്യാറാക്കുകയാണ് ചെയ്തത്. അതിനാൽ പർച്ചേസ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ അല്ല വാങ്ങലുകൾ നടന്നിട്ടുള്ളത് എന്ന് അനുമാനിക്കുന്നു. ജി.ഒ.(പി)നം.7/19 /എസ്.പി.ഡി./ തീ. 26-04-19 പ്രകാരം ₹25,000/-ന് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കേണ്ടതാണ് എന്നിരിക്കെ, സുതാര്യമല്ലാത്ത വാങ്ങലുകൾ നടത്തിയത് ക്രമവിരുദ്ധമാണ്. ക്രമ നമ്പർ 3 ഒഴികെയുള്ള ചെലവ് ₹2,85,679/- തടസ്സപ്പെടുത്തുന്നു.

1-28 തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കൽ - പദ്ധതി നിഷ്ക്രിയ ആസ്തി - ചെലവ് തടസ്സം

പ്രോജക്ട് നം.	69/23 (സ്പിൽ ഓവർ)
നിർവഹണ ഉദ്യോഗസ്ഥൻ	അസി. എഞ്ചിനീയർ
അടങ്കൽ	₹1344719/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ്	ബിൽ നം. 22100652011800597108/തീ.30.09.22, ₹1338861/-

ഇടുക്കി മെഡിക്കൽ കോളേജ് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന് സമീപം പഞ്ചായത്ത് വക എം. സി. എഫ്. സ്ഥിതി ചെയ്യുന്ന കോമ്പൗണ്ടിൽ 8 യൂണിറ്റുകൾ അടങ്ങുന്ന ഒരു തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ് അംഗീകരിച്ച പ്ലാൻ എസ്റ്റിമേറ്റ് ഇവ പ്രകാരം നിർമ്മിച്ചിട്ടുണ്ട്. മെഡിക്കൽ കോളജിന് സമീപം ജൈവ

മാലിന്യ സംസ്കരണത്തിന് യോജിക്കാത്ത സ്ഥലത്ത് ഇത്തരമൊരു പ്ലാന്റ് സ്ഥാപിക്കാനിടയായത് സംബന്ധിച്ചും നാളിതുവരെ ഇത് ഉപയോഗിക്കാതെ നിഷ്ക്രിയ ആസ്തിയായി തുടരുന്നത് സംബന്ധിച്ചും വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 18/തീ. 10.11.2023) മറുപടി ലഭ്യമാക്കിയില്ല. മെഡിക്കൽ കോളേജ് അധികൃതരുടെ എതിർപ്പിനെ തുടർന്ന് ഇത് പ്രവർത്തിപ്പിക്കാനാവാത്ത സ്ഥിതിയാണ് നിലവിലുള്ളത്. പദ്ധതി കമ്മീഷൻ ചെയ്യുന്നതുവരേയ്ക്കും ചെലവ് തടസ്സപ്പെടുത്തുന്നു.

1-29 പകിട്ടാൻ താഴെ ഭാഗം കുടിവെള്ള പദ്ധതി -വൈദ്യുതി ബോർഡിൽ നിക്ഷേപിച്ച തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല - ചെലവ് തടസ്സം

ബിൽ നം. XVFC/2022/23/P/80/തീ. 29.11.22, ₹3,26,869/-

മേൽ കുടിവെള്ള പദ്ധതിയിൽ 3 ഫേസ് ലൈൻ വലിക്കുന്നതിനായി വൈദ്യുതി ബോർഡ് നല്കിയ എസ്റ്റിമേറ്റ് അനുസരിച്ച് എക്സി. എഞ്ചിനീയറുടെ പേരിൽ മേൽ ബിൽ പ്രകാരം തുക മാറി നല്കിയിരിക്കുന്നു. നാളിതുവരെയും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹3,26,869/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക ₹	പ്രൊജക്ടിന്റെ പേര്	ചെലവ് ₹	ബാലൻസ് ₹
ജില്ലാ പഞ്ചായത്ത്	2022-23	300000	274/23 സുവർണ്ണ ഭവനം ജില്ലാപഞ്ചായത്ത്	300000	0
ജില്ലാ പഞ്ചായത്ത്	2022-23	92000	210/23 ഗോത്ര സാരഥി പദ്ധതി	92000	0
ജില്ലാ പഞ്ചായത്ത്	2022-23	850000	154/23 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി	850000	0
ജില്ലാ പഞ്ചായത്ത്	2022-23	134500	120/23 ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ്	134500	0

ബ്ലോക്ക് പഞ്ചായത്ത്	2022-23	160000	161/23 ലൈഫ് ഭവന പദ്ധതി എസ്.സി.പി.	160000	0
ബ്ലോക്ക് പഞ്ചായത്ത്	2022-23	450000	163/23 ലൈഫ് ഭവന പദ്ധതി എസ്.റ്റി. - 2022-23	450000	0
ബ്ലോക്ക് പഞ്ചായത്ത്	2022-23	300000	120/23 ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ്	300000	0
ബ്ലോക്ക് പഞ്ചായത്ത്	2022-23	100000	19/23 ആശ്രയ പദ്ധതിയിൽപ്പെട്ടവർക്ക് വീട് മെയിന്റനൻസ് SO	100000	0
ബ്ലോക്ക് പഞ്ചായത്ത്	2022-23	706868	162/23 ലൈഫ് ഭവന പദ്ധതി ജനറൽ	706868	0
ബ്ലോക്ക് പഞ്ചായത്ത്	2022-23	1000000	154/23 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി	1000000	0

4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പദ്ധതിയുടെ പേര്	നിർവ്വഹണ ഏജൻസി	ബിൽ നം./വൗച്ചർ നംപർ	തുക	ചെലവഴിച്ച തുക ₹	പൂർത്തികരിച്ച വിവരം	ബാക്കി തുക ₹
1	27/22 പകിട്ടാൻ താഴെ ഭാഗം കുടിവെള്ള പദ്ധതി	KSEB	XV FC/2022-23/ P/80/14-11-23	326869	0	-	326869
2	46/23 കുടിവെള്ള പദ്ധതി മെയിന്റനൻസ് വാർഡ്-6 ഡെപ്പോസിറ്റ്	KWA	XV FC/2022-23/ P/101/27-3-23	100000	0	-	100000
3	51/23 വാണിയപ്പിള്ളി കൊല്ലനേത്ത് പടി കുടിവെള്ള പദ്ധതി	KWA	XV FC/2022-23/ P/88/10-2-23	300000	0	-	300000
5	4/23 തൊട്ടിക്കാനം കുടിവെള്ള പദ്ധതി പൂർത്തീകരണം	KWA	XV FC 2022-23/ P/89/10-2-23	1110000	0	-	1110000

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

- ഇല്ല -

4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു. വായ്പ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ആയതിനാൽ വാർഷിക കണക്കിലെ തുകകളാണ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

വായ്പയുടെ പേര്	ഉത്തരവ് നം.	വായ്പ തുക ₹	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി തുക ₹	തൻവർഷം എടുത്ത വായ്പ ₹	തൻവർഷം തിരിച്ചടച്ച തുക ₹		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക ₹
					മുതൽ	പലിശ	
ലൈഫ് ഭവന വായ്പ	ജി.ഒ.എം.എസ് നം.68/2018 എൽ.എസ്.ജി.ഡി/ തീ.18.05.2018	22160000	18911298	2970000	3048723		18832575
ജവഹർ ഭവന പദ്ധതി വായ്പ	ജി.ഒ(ആർ.ടി.) നം. 1577/2015 തീ. 27.5.2015	30000000	14670174	2970000	4470000		13170174

4-5 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	₹800000
തൻവർഷം നിക്ഷേപിച്ച തുക	0
ആകെ	₹800000
തന്നാണ്ടിൽ പിൻവലിച്ച തുക	₹500000
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	₹300000

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്)	നിക്ഷേപിച്ച തീയതി	കാലയളവ്	തുക ₹	റിമാർക്സ്
1	ഇടുക്കി ജില്ലാപഞ്ചായത്ത് എംപ്ലോയീസ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി	13-10-2017	24 മാസം	300000	24 മാസത്തേയ്ക്കാണ് തുക നിക്ഷേപിച്ചിരിക്കുന്നത്. എന്നാൽ നിക്ഷേപം നാളിതുവരെ പുതുക്കിയിട്ടില്ല.
ആകെ				300000	

4-6 ഓഡിറ്റ് റിക്കവറി

– ഇല്ല –

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1996-97	3-8	1998	9 III	അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയതിന് അതീതമായി പൊതുമരാമത്ത് പണിക്ക് ചെലവാക്കിയ തുക (മണിപ്പാറ ടൈബൽ കോളനി റോഡ്)	
1997-98	35	1999-2000	-	കാർഷികോപകരണങ്ങൾ വാങ്ങിയതിന് കൂടിയ വില നല്കി	
1997-98	41	1999-2000		പ്രാഥമികാരോഗ്യ കേന്ദ്രം- പണം വകമാറ്റി ചെലവഴിച്ചു	
1999-2000	35	2002-03		മാതൃകാ നേന്ത്രവാഴത്തോട്ടം – സാമ്പത്തിക നഷ്ടം	
2005-06	3-10	2009-10	2-8	നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത്. കെ.എസ്.ഇ.ബി. ഡെപ്പോസിറ്റ് (₹,235,239/-)	
2005-06		2014-15	4.1.4	മൃഗസംരക്ഷണ/ക്ഷീര വികസന മേഖലയിലെ കർമ്മ സമിതിയുടെ രൂപീകരണം, പ്രവർത്തനങ്ങൾ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. (വിഷയാധിഷ്ഠിത അവലോകനം)	
2005-06		2014-15	5.7.9	മൃഗാശുപത്രികളിൽ മരുന്നുകളുടെ അപര്യാപ്തം - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായി ഇടപെടുന്നില്ല. (വിഷയാധിഷ്ഠിത അവലോകനം)	
2005-06		2014-15	5(2)	വെറ്ററിനറി സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ - വാഹന സൗകര്യം, ബീജം സൂക്ഷിക്കുന്നതിന് പ്രത്യേക മുറി എന്നിവ ഇല്ല (വിഷയാധിഷ്ഠിത അവലോകനം)	
2015-16	2-1	2016-17	അനുബന്ധം-5	തൊഴിൽ നികുതി അപാകതകൾ	

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

– ഇല്ല –

ബി) സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

വർഷം	ഖ. നം	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ്	സർചാർജ് സർട്ടിഫിക്കറ്റ്		സ്വയം അടവാക്കിയ തുക, രസീത് നം. തീയതി	റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, തീയതി	കോടതി വ്യവഹാരങ്ങളിൽ		ആകെ ലഭിച്ച തുക ₹	അവശേഷിക്കുന്ന തുക ₹	റിമാർക്സ്
			നമ്പരും തീയതിയും	തുക ₹			ഉൾപ്പെട്ട തുക ₹	ഈടാക്കിയ തുക ₹			
1999-2000	35	ശ്രീ. ജോർജ്ജ് തോമസ് കൃഷി ഓഫീസർ	എൽ.എഫ്. 22158/ സ്പെ.സെൽ/ എസ്. സി.2/03/ 08.01.04 2004/ 04.06.04	18425	18425	-	-		18425	-	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതിനാൽ ഖണ്ഡിക നിലനിൽക്കുന്നു
1996-97	8	ശ്രീ. കെ. എ. മത്തായി സെക്രട്ടറി	എൽ.എഫ്. 28312/ സ്പെ.സെൽ/ എസ്.സി.2/ 1999 29.12.01	12050	-	-	-		-	12050	-ടി-
1998-99	29,30, 31	ശ്രീമതി. കെ.എസ്. ഗിരിജ അസി. എഞ്ചിനീയർ	എൽ.എഫ്. 20592/ സ്പെ.സെൽ/ എസ്.സി.2/ 2002 13.10.03	6165						6165	
2000-01	33	ശ്രീ. വി. സി. ജോസഫ്	എൽ.എഫ്. 6616/05 09.01.16	964						964	
2000-01	35(D)	ശ്രീ. ജി. മോഹനൻ നായർ	എൽ.എഫ്. 6616/05/ 09.01.16	13560						13560	
1998-99	27	ശ്രീ. സിബി എൻ. ജെ. ഓവർസിയർ	എൽ.എഫ്. 20592/ സ്പെ. സെൽ/ എസ്.സി.2/ 2002 02.06.03	4063						4063	

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ്	₹10359939/-
ഓഡിറ്റ് വർഷത്തെ വരവ്	₹54004723/-
ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹64364662/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹52423031/-
നീക്കിയിരിപ്പ്	₹11941631/-
[കുറിപ്പ് :- പഞ്ചായത്തിന്റെ 2022-23ലെ റെസിപ്റ്റ് & പെയ്മന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്]	
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹2892011/-

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തടസ്സപ്പെടുത്തിയ തുക ₹	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും
1-17	202650	ശ്രീ. ആനന്ദ് ജെ., സെക്രട്ടറി
1-18	226800	ശ്രീമതി. മേരി പ്രഭ, അസി. സെക്രട്ടറി
1-22	511152	ശ്രീ. ആനന്ദ് ജെ., സെക്രട്ടറി
1-27	285679	ശ്രീ. ആനന്ദ് ജെ., സെക്രട്ടറി
1-28	1338861	ശ്രീമതി. സിൻസി മാത്യു, അസി. എഞ്ചിനീയർ
1-29	326869	ശ്രീമതി. സിൻസി മാത്യു, അസി. എഞ്ചിനീയർ

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല -

(ഇ) ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും ഉദ്യോഗപ്പേരും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് സമയത്തെ) മേൽവിലാസം	സ്ഥിരം മേൽവിലാസം
ആനന്ദ് ജെ., സെക്രട്ടറി	സെക്രട്ടറി വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്	S/o ജനാർദ്ദനൻ, മാധവം, പൂജപ്പുര പി.ഒ. തിരുവനന്തപുരം
മേരി പ്രഭ എ. ഐ. അസി. സെക്രട്ടറി	അസി.സെക്രട്ടറി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്	തെക്കേപറയ്ക്കൽ വണ്ണപ്പുറം പി. ഒ. ചീങ്കൽ സിറ്റി
ശ്രീമതി. സിൻസി മാത്യു, അസി. എഞ്ചിനീയർ	അസി. എഞ്ചിനീയർ, രാജാക്കാട് ഗ്രാമപഞ്ചായത്ത്	അഴിമുഖം കഞ്ഞിക്കുഴി പി. ഒ. ഇടുക്കി

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	ഖണ്ഡിക നം.
1996-97	കെ.എസ്.എ.-ഐ.ഡി.കെ.-പി5/1279 (1996-97)അദാ-9/2022/തീ.2-9-2022	1	8
1997-98	കെ.എസ്.എ.-ഐ.ഡി.കെ.-പി5/1279 (1997-98)അദാ-9/2022/തീ.2-9-2022	3	35, 37, 41
1998-99	കെ.എസ്.എ.-ഐ.ഡി.കെ.-പി5/1279 (1998-99)അദാ-9/2022/തീ.2-9-2022	4	27, 29, 30, 31
1999-00	കെ.എസ്.എ.-ഐ.ഡി.കെ.-പി5/1279 (1999-00)അദാ-9/2022/തീ.2-9-2022	1	35
2000-01	കെ.എസ്.എ.-ഐ.ഡി.കെ.-പി5/1279 (2000-01)അദാ-9/2022/തീ.2-9-2022	4	31, 33, 35, 41
2001-02	കെ.എസ്.എ.-ഐ.ഡി.കെ.-പി5/1279 (2001-02)അദാ-9/2022/തീ.2-9-2022	3	12, 16, 18
2002-03	കെ.എസ്.എ.-ഐ.ഡി.കെ.-പി5/1279 (2002-03)അദാ-9/2022/തീ.2-9-2022	5	3-11, 3-12, 3-13, 3-14, 3-17
2003-04	കെ.എസ്.എ.-ഐ.ഡി.കെ.-പി5/1279 (2003-04)അദാ-9/2022/തീ.2-9-2022	1	2-2(1)
2004-05	കെ.എസ്.എ.-ഐ.ഡി.കെ.-പി5/1279 (2004-05)അദാ-9/2022/തീ.2-9-2022	3	3-1, 3-5, 3-12
2005-06	കെ.എസ്.എ.-ഐ.ഡി.കെ.-പി5/1279 (2004-05)അദാ-9/2022/തീ.2-9-2022	7	3-4, 3-5, 3-6, 3-7, 3-9, 3-10, 3-12
2006-07	കെ.എസ്.എ.-ഐ.ഡി.കെ.-പി5/1279 (2006-07)അദാ-9/2022/തീ.2-9-2022	0	-
2007-08	കെ.എസ്.എ.-ഐ.ഡി.കെ.-പി5/1279 (2007-08)അദാ-9/2022/തീ.2-9-2022	0	-
2008-09	കെ.എസ്.എ.-ഐ.ഡി.കെ.-പി5/1279	0	-

	(2008-09)അദാ-9/2022/തീ.2-9-2022		
2009-10	കെ.എസ്.എ.-ഐ.ഡി.കെ.-പി5/1279 (2009-10)അദാ-9/2022/തീ.2-9-2022	2	3-7,3-8
2010-11	കെ.എസ്.എ.-ഐ.ഡി.കെ.-പി5/1279 (2010-11)അദാ-9/2022/തീ.2-9-2022	2	3-9,3-10
2011-12	കെ.എസ്.എ.-ഐ.ഡി.കെ.-പി5/1279 (2011-12)അദാ-9/2022/തീ.2-9-2022	1	2-3
2012-13	കെ.എസ്.എ.-ഐ.ഡി.കെ.-പി5/1279 (2012-13)അദാ-9/2022/തീ.2-9-2022	5	3-1,3-2,3-3,3-4,3-5
2013-14	കെ.എസ്.എ.-ഐ.ഡി.കെ.-പി5/1279 (2013-14)അദാ-9/2022/തീ.2-9-2022	2	3-1,3-8
2014-15	കെ.എസ്.എ.-ഐ.ഡി.കെ.-പി5/1279 (2014-15)അദാ-9/2022/തീ.2-9-2022	6	3-5,3-6,3-7,3-8,3-9,3-10
2015-16	കെ.എസ്.എ.-ഐ.ഡി.കെ.-പി5/1279 (2015-16)അദാ-9/2022/തീ.2-9-2022	3	2-1,3-13-5,
2016-17	കെ.എസ്.എ.-ഐ.ഡി.കെ.-പി5/1279 (2016-17)അദാ-9/2022/തീ.2-9-2022	4	2-2,3-1,3-4,3-10
2017-18	കെ.എസ്.എ.-ഐ.ഡി.കെ.-പി5/1279 (2017-18)അദാ-9/2022/തീ.2-9-2022	12	2-1, 2-2, 3-2, 3-3, 3-6, 3-7, 3-9,3-10, 3-11, 3-13, 3-15, 3-19
2018-19	കെ.എസ്.എ.ഐ.ഡി.കെ.-13/208/2020 തീയതി. 09.06.2020	16	1-9, 1-11, 1-12, 1-13,1-14, 1-16 മുതൽ 1-25 വരെ 2-1
2019-20	കെ.എസ്.എ.ഐ.ഡി.കെ.-11/735/2021 തീയതി. 09.09.2021	25	1-11 മുതൽ 1-32 വരെ, 2-1, 3-1, 3-2
2020-21	കെ.എസ്.എ.ഐ.ഡി.കെ.-11/736/2021 തീയതി. 27.09.2021	38	1-4-1 മുതൽ 1-4-4 വരെ, 1-5-1 മുതൽ 1-5-4 വരെ 1-9, 1-11, 1-11-1 മുതൽ 1-11-10 വരെ 1-12 മുതൽ 1-34 വരെ 1-36, 3-1 മുതൽ 3-5 വരെ
2021-22	നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5-1614 /2022 /6-2-23	24	1-3-2, 1-9-1, 1-9-3, 1-9-5, 1-9-7, 1-9-8, 1-11, 1-12, 1-13, 1-14,1-15,1-16, 1-17, 1-18, 1-19, 1-20, 1-23, 1-24,1-25, 1-26, 1-27, 1-28, 1-29, 1-30

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 11-07-2023 and submitted on 22-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Vazhathope Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vazhathope Grama Panchayat for the year 2022-2023

Date: 28/12/2023

Deputy Director
District Office Idukki
Kerala State Audit Department

Audit Report appended to the Audit Certificate of Vazhathope Grama Panchayat for the Year 2022-2023 .

1.Major Observations

1. All Mandatory financial statement prescribed in accounting rules are not submitted for audit.

2. Non disclosure of assets. Asset register is not comprehensive and uptodate.

2.Other Observations

1. Monthly bank reconciliation statement not prepared.

2. Registers, viz., advance reigister, deposit register, stock register, loan register etc., are not maintined correctly and or does not match with accounts.

3. Lack of authenticated journal vouchers for supporting the adjustment entries recorded and those recorded in prior period items.

4. Demand registers are not periodically reconciled with accounts.

5. Grant liability amount shown as liability in Balance Sheet does not match with bank accounts maintained for the same

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്